23
ഞായർ
ഒക്ടോബർ 2022
1198 തുലാ 06
Vol 4 Issue No 300

# കേരള പ്രണാമം

സത്യം വദഃ ധർമ്മം ചരഃ

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 08
www.keralapranamam.com
infokeralapranamam@gmail.com

# ജിഎസ്എൽവി മാർക് 3, 38 ഉപഗ്രഹങ്ങളുമായി ഭ്രമണപഥത്തിലേക്ക്



**ഇന്ത്യയുടെ ഏറ്റവും കരുത്തേറിയതും ഏറ്റവും വലുപ്പമേറിയതും ഏറ്റവും ഭാരവുമുള്ളതുമായ വിക്ഷേപണ വാഹനം ജിഎസ്എൽവി മാർക് 3 ഇസ്രോ ആദ്യമായി ഒരു വാണിജ്യ വിക്ഷേപണത്തിന് ഉപയോഗിക്കുകയാണ്.**

**ചെന്നൈ:** ഏറ്റവും കരുത്തുള്ള ഇന്ത്യൻ വിക്ഷേപണവാഹനമായ ജിഎസ്എൽവി മാർക് 3 യുടെ ആദ്യ വാണിജ്യ വിക്ഷേപണം നടക്കും. രാത്രി 12.07 ന് ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെൻററിലെ വിക്ഷേപണത്തറയിൽ നിന്ന് ബ്രിട്ടീഷ ഇൻറർനെറ്റ് സേവനദാതാക്കളായ വൺ വെബ്ബിന്റെ 36 ഉപഗ്രഹങ്ങളുമായി ഇന്ത്യയുടെ അഭിമാന വാഹനം കുതിച്ചുയരും. ഇതാദ്യമായാണ് ഇത്ര ബൃഹത്തായൊരു വാണിജ്യ വിക്ഷേപണ ദൗത്യം ഇസ്രോ ഏറ്റെടുക്കുന്നത്.
ഇന്ത്യയുടെ ഏറ്റവും കരുത്തേറിയതും ഏറ്റവും വലുപ്പമേറിയതും ഏറ്റവും ഭാരവുമുള്ളതുമായ വിക്ഷേപണ വാഹനം ജിഎസ്എൽവി മാർക് 3 ഇസ്രോ ആദ്യമായി ഒരു വാണിജ്യ വിക്ഷേപണത്തിന് ഉപയോഗിക്കുകയാണ്. ഭൂസ്ഥിര ഭ്രമണപഥത്തിൽ ഉപഗ്രഹങ്ങളുടെ ബൃഹദ് ശൃംഘല വിന്ന്യസിച്ച് ഇൻറർനെറ്റ് സേവനം നൽകാൻ ലക്ഷ്യമിടുന്ന ബ്രിട്ടീഷ് സേവനദാതാക്കളായ വൺ വെബ്ബിനുവേണ്ടിയാണ് ആദ്യ വാണിജ്യവിക്ഷേപണം. 36 ഉപഗ്രഹങ്ങൾ റോക്കറ്റിൽ ഘടിപ്പിച്ച് വിക്ഷേപണത്തറയിൽ എത്തിച്ചുകഴിഞ്ഞു. 5400 കിലോഗ്രാമാണ് ഉപഗ്രഹങ്ങളുടെ ആകെ ഭാരം. കൗണ്ട് ഡൗൺ ഇന്നലെ രാത്രി 12.07 ന് തുടങ്ങി. അവസാനവട്ട തയ്യാറെടുപ്പുകൾ സൂക്ഷ്മശ്രദ്ധയോടെ പുരോഗമിക്കുകയാണെന്ന് ഐഎസ്ആർഒ അറിയിച്ചു.
ദേശീയ ഉപഗ്രഹങ്ങളെ ഭ്രമണപഥത്തിൽ എത്തിക്കാനാണ് ഈ റോക്കറ്റ് ഇതുവരെ ഉപയോഗിച്ചിരുന്നത്. ഇന്ത്യയുടെ ചാന്ദ്രയാൻ ദൗത്യത്തിൻറെ വാഹനവും ജിഎസ്എൽവി മാർക് 3 യാണ്. ഭൂമിയോടടുത്ത ഭ്രമണപഥം ലക്ഷ്യമിടുന്നതുകൊണ്ട് ലോഞ്ച് വെഹിക്കിൾ മാർക്ക് 3 എന്ന പേരിലാണ് ജിഎസ്എൽവി മാർക്ക് 3 ഈ ദൗത്യത്തിൽ ഉപയോഗിക്കുക.
648 ഉപഗ്രഹങ്ങൾ ഭൂസ്ഥിര ഭ്രമണപഥത്തിൽ എത്തിക്കാനാണ് വൺ വെബ് ലക്ഷ്യമിടുന്നത്. ഇതിൽ 428 എണ്ണം ഇതിനകം വിക്ഷേപിച്ചുകഴിഞ്ഞു. റഷ്യയുടെ റോസ് കോസ്മോസിൻറെ സേവനമാണ് ഇതുവരെ അവർ ഉപയോഗിച്ചിരുന്നത്. യുക്രൈൻ യുദ്ധത്തിൻറെ പശ്ചാത്തലത്തിൽ റഷ്യയും ഇതര യൂറോപ്യൻ രാജ്യങ്ങളുമായുള്ള ബന്ധം ഉലഞ്ഞതോടെയാണ് വെബ് വൺ ഐഎസ്ആർഒയുടെ വാണിജ്യവിഭാഗമായ ന്യൂ സ്പേസ് ഇന്ത്യയുമായി കരാറുണ്ടാക്കിയത്. വിക്ഷേപണം വിജയമായാൽ ആഗോള വാണിജ്യ വിക്ഷേപണ രംഗത്ത് ഇന്ത്യക്കിത് വൻ കുതിച്ചുചാട്ടമാകും.



# ഗവർണറുടെ നടപടി വിലയിരുത്താൻ മന്ത്രിയ്ക്ക് അധികാരമില്ല– ആരിഫ് മുഹമ്മദ് ഖാൻ

**തിരുവനന്തപുരം:** വൈസ് ചാൻസലർ നിയമനകാര്യത്തിൽ സുപ്രീം കോടതി എല്ലാം വ്യക്തമായി പറഞ്ഞതായി കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. വി.സിയുടെ നിയമനം നടത്താൻ ആർക്കാണ് അർഹതയെന്നും ആർക്കാണ് അർഹതയില്ലാത്തതെന്നും സുപ്രീം കോടതി വ്യക്തമാക്കിയതായും അദ്ദേഹം പറഞ്ഞു. പാർട്ടിക്കാരെയാണ് പ്രൈവറ്റ് സ്റ്റാഫായി നിയമിക്കുന്നതെന്ന് ആരോപിച്ച അദ്ദേഹം തന്റെ പ്രവൃത്തികൾ വിലയിരുത്താൻ നിയമമന്ത്രിയ്ക്ക് അധികാരമില്ലെന്നും പറഞ്ഞു. തിരുവനന്തപുരത്ത് നടന്ന പൊതുപരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.ഗവർണറുടെ നടപടികളെ വിശകലനം ചെയ്യാനാണോ മന്ത്രി തുനിയുന്നതെന്ന് ചോദിച്ച ഗവർണർ മന്ത്രിമാരുടെ നടപടികൾ വിലയിരുത്താനാണ് തന്നെ നിയമിച്ചിരിക്കുന്നതെന്നും പറഞ്ഞു. മന്ത്രിമാരെ നിയമിക്കുന്നത് താനാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കോടതിയ്ക്ക് തന്റെ പ്രവർത്തനങ്ങളെ വിലയിരുത്താമെന്നും ഒരു മന്ത്രിയ്ക്ക് അത് സാധ്യമല്ലെന്നും ഗവർണർ കൂട്ടിച്ചേർത്തു.ഖജനാവിൽ നിന്ന് പ്രതിഫലം പറ്റുന്ന മുഴുവൻ സമയ പാർട്ടി പ്രവർത്തകരാണ് മന്ത്രിമാരെന്നും ഖജനാവിലുള്ള ജനങ്ങളുടെ പണമാണ് പാർട്ടിപ്രവർത്തനത്തിനായി മന്ത്രിമാർക്ക് നൽകുന്നതെന്നും പറഞ്ഞ ഗവർണർ അത് തടയാനുള്ള അധികാരം തനിക്കില്ലേയെന്നും ആരാഞ്ഞു.

# സംസ്ഥാന സർക്കാരുകൾ ചാനൽ നടത്തരുതെന്ന് നിർദ്ദേശം, നിലവിലെ പ്രക്ഷേപണം പ്രസാർ ഭാരതി വഴിയാക്കണം

**2023 ഡിസംബറോടെ പൂർണ്ണമായും ചാനൽ പ്രക്ഷേപണത്തിൽ നിന്നും പിന്മാറണമെന്നും വാർത്ത വിതരണ മന്ത്രാലയം നിർദ്ദേശിച്ചു. കേരളത്തിലെ വിക്ടേഴ്സ് ചാനലിനടക്കം നടപടി ബാധകമായേക്കും.**



**ദില്ലി :** സംസ്ഥാന, കേന്ദ്ര ഭരണ പ്രദേശങ്ങളിലെ സർക്കാരുകൾ ഇനി മുതൽ നേരിട്ട് ടെലിവിഷൻ ചാനൽ നടത്തരുതെന്ന് വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ നിർദ്ദേശം. നിലവിലുള്ള ചാനൽ പ്രക്ഷേപണം പ്രസാർ ഭാരതി വഴിയാക്കണമെന്നാണ് വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം പുറത്തിറക്കിയ പുതിയ മാർഗനിർദേശത്തിലുള്ളത്. 2023 ഡിസംബറോടെ പൂർണ്ണമായും സംസ്ഥാനങ്ങൾ ചാനൽ പ്രക്ഷേപണത്തിൽ നിന്നും പിന്മാറണമെന്നും വാർത്ത വിതരണ മന്ത്രാലയം നിർദ്ദേശിച്ചു.
കേരളത്തിലെ വിദ്യാഭ്യാസ ചാനലായ വിക്ടേഴ്സിനടക്കം നടപടി ബാധകമായേക്കുമെന്നാണ് സൂചന. തമിഴ്നാട് സർക്കാരിന്റെ വിദ്യാഭ്യാസ ചാനലായ കാൽവി ടിവി, ആന്ധ്രാ പ്രദേശ് സർക്കാരിന്റെ ഐപി ടിവി എന്നിവയെയും നടപടി ബാധിച്ചേക്കും. കൊവിഡ് കാലത്ത് വിദ്യാലയങ്ങൾ അടച്ചതോടെ, കേരളം, തമിഴ്നാട് അടക്കമുള്ള സംസ്ഥാനങ്ങൾ സർക്കാർ ചാനലുകളിലൂടെയായിരുന്നു കുട്ടികൾക്കായി ഓൺലൈൻ ക്ലാസുകൾ നടത്തിയിരുന്നത്. കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ മന്ത്രാലയങ്ങൾക്ക് ഇനി ബ്രോഡ്കാസ്റ്റിംഗ് മേഖലയിലേക്ക് കടക്കാൻ അനുമതിയില്ലെന്നും നിലവിലുള്ള ചാനൽ പ്രക്ഷേപണം പ്രസാർ ഭാരതി വഴിയാക്കണമെന്നും നിർദ്ദേശമുണ്ട്.

# ഛഠ്പൂജ; യമുന മലിനമാകുന്നില്ലെന്ന് ഉറപ്പാക്കണമെന്ന് അരവിന്ദ് കെജ്‌രിവാൾ



**ന്യൂഡൽഹി:** ഛഠ്പൂജ സയത്ത് യമുന മലിനമാകുന്നില്ലെന്ന് ഉറപ്പാക്കാൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ. യമുനയുടെ ഘാട്ടുകളിലാണ് പ്രധാനമായും ഛഠ്പൂജ ആഘോഷിക്കുന്നത്. ഈ അവസരത്തിൽ യമുന മലിനമാകുന്നില്ലെന്ന് ഉറപ്പാക്കാൻ എല്ലാ ക്രമീകരണങ്ങളും ഒരുക്കണമെന്ന് എല്ലാ ഉദ്യോഗസ്ഥർക്കും നിർദേശം നൽകിയിട്ടുണ്ടെന്നും അദ്ദേഹം ഹിന്ദിയിൽ ട്വീറ്റ് ചെയ്തു.ഘട്ടുകളിലെ തെരുവ് വിളക്കുകൾ വർധിപ്പിക്കാൻ ഒരു വാർഡിന് 40,000 രൂപ അനുവദിച്ചതായി ഡൽഹി മുനിസിപ്പൽ കോർപ്പറേഷൻ (എം.സി.ഡി.) വെള്ളിയാഴ്ച പ്രസ്താവനയിൽ അറിയിച്ചു. ഒരു വാർഡിന് രണ്ട് ഘട്ടുകൾ വീതമാണ് തുക അനുവദിക്കുക. തലസ്ഥാനത്തെ എല്ലാ ഛഠ് ഘട്ടുകളിലും ശുചീകരണ സേവനങ്ങൾ ഈ സംഘങ്ങൾ മുഖേന ലഭ്യമാക്കും.ഡൽഹി അർബൻ ഷെൽട്ടർ ഇംപ്രൂവ്മെന്റ് ബോർഡിന്റെ നേതൃത്വത്തിൽ മൊബൈൽ ശൗചാലയങ്ങളും മൊബൈൽ ശൗചാലയ വാനുകളും വൃത്തിയാക്കാൻ 12 സോണുകളിലായി ഇവരെ നിയോഗിക്കും. ക്രമീകരണങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ ഓരോസോണിലും ഒരു നോഡൽ ഓഫീസറെ നിയോഗിക്കും. തൂത്തുവാരുന്നതിനുപുറമേ, ഘട്ടുകളിൽനിന്നും പരിസരങ്ങളിൽ നിന്നും ദിവസേന ഒന്നിലധികം തവണ മാലിന്യശേഖരണം നടത്തും. ജില്ലാ മജിസ്ട്രേറ്റുമാരുമായി കൂടിയാലോചിച്ച് പ്രത്യേക തൊഴിലാളികളെയും വാഹനങ്ങളും ഇതിനായി ഷിഫ്റ്റിൽ വിന്യസിക്കും.സുരക്ഷയ്ക്കും ജല ഉപയോഗ ക്രമീകരണത്തിനുമായി ഡൽഹി പോലീസ്, ഡൽഹി ജല ബോർഡ് എന്നിവയുൾപ്പെടെ വിവിധ വകുപ്പുകളുമായി സഹകരിക്കും. തിരക്ക് ഒഴിവാക്കാൻ എം.സി.ഡി. പാർക്കിങ് സ്ഥലവും അനുവദിക്കുമെന്നും അധികൃതർ അറിയിച്ചു. നഗരത്തിലുടനീളം 1100 സ്ഥലങ്ങളിൽ സർക്കാർ വിപുലമായ ഒരുക്കങ്ങൾ നടത്തിയിട്ടുണ്ട്. ശുചിമുറികൾ, ഇരിപ്പിടങ്ങൾ, ആംബുലൻസുകൾ, പ്രഥമശുശ്രൂഷ, വൈദ്യുതി തുടങ്ങിയ തയ്യാറെടുപ്പുകൾ സർക്കാർ നടത്തിയിട്ടുണ്ട്.സുരക്ഷാകാര്യങ്ങളിൽ ഡൽഹി പോലീസ് ജാഗ്രതപുലർത്തും. വിവിധ സ്ഥലങ്ങളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കും. ഇതിനെല്ലാമായി 25 കോടി രൂപയാണ് സർക്കാർ മാറ്റിവെച്ചിട്ടുള്ളത്. ഒക്ടോബർ 30, 31 തീയതികളിൽ ഛഠ് ആഘോഷിക്കും. സ്ത്രീകൾ മുട്ടോളം വെള്ളത്തിൽ ഉപവസിച്ച് സൂര്യദേവനെ പ്രാർഥിക്കുന്നത് പൂജയിലെ പ്രധാന ചടങ്ങാണ്. ഡൽഹിയിൽ താമസിക്കുന്ന ബിഹാറിലെയും കിഴക്കൻ ഉത്തർപ്രദേശിലെയും ആളുകൾ പൂർവാഞ്ചലികൾക്കിടയിൽ ഈ ഉത്സവം വളരെ ജനപ്രിയമാണ്.

# തലശ്ശേരി ആശുപത്രിയിലെ കൈക്കൂലി ആരോപണം: അന്വേഷണത്തിന് ഉത്തരവിട്ട് ആരോഗ്യ മന്ത്രി

**കണ്ണൂർ:** തലശ്ശേരി ജനറൽ ആശുപത്രിയിൽ ഡോക്ടർമാർ കൈക്കൂലി വാങ്ങിയെന്ന പരാതിയിൽ അന്വേഷണത്തിന് ഉത്തരവിട്ട് ആരോഗ്യ മന്ത്രി. അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് മന്ത്രി നിർദേശം നൽകി. സംഭവത്തിൽ കർശന നടപടി സ്വീകരിക്കുമെന്നും വീണ ജോർജ് അറിയിച്ചു.
തലശ്ശേരി ജനറൽ ആശുപത്രിയിൽ പ്രസവ ചികിത്സക്കെത്തുന്നവരിൽ നിന്ന് കൈക്കൂലി ഈടാക്കുന്നുവെന്ന പരാതിയുമായി കഴിഞ്ഞ ദിവസം യുവാവ് രംഗത്തെത്തിയിരുന്നു. ഭാര്യയുടെ പ്രസവത്തിനായി ഗൈനക്കോളജിസ്റ്റിന് 2000 രൂപയും അനസ്തേഷ്യ ഡോക്ടർക്ക് 3000 രൂപയും കൊടുക്കേണ്ടി വന്നുവെന്നായിരുന്നു തലശ്ശേരി സ്വദേശിയായ യുവാവിന്റെ പരാതി. ചികിത്സയ്ക്ക് എത്തുന്ന എല്ലാവരിൽ നിന്നും പണം വാങ്ങുന്നുണ്ടെന്നും രോഗികളുടെ ജീവനെ കുറിച്ച് ആലോചിച്ച് ആരും പരാതിപ്പെടാറില്ലെന്നും യുവാവ് പറഞ്ഞിരുന്നു.
ഗൈനക്കോളജിസ്റ്റിന് 2000, അനസ്തെറ്റിസ്റ്റിന് 3000, തലശേരി ആശുപത്രിയിലെ ഡോക്ടർമാർ കൈക്കൂലി വാങ്ങുന്നു, പരാതി
അതേസമയം ആശുപത്രിയിൽ നിന്ന് ഡോക്ടർമാർ ആരും കൈക്കൂലി വാങ്ങുന്നില്ലെന്നും സ്വകാര്യ പ്രാക്റ്റീസ് ഉള്ളതുകൊണ്ട് വീട്ടിൽ നിന്ന് വാങ്ങുന്നുണ്ടോ എന്ന് അറിയില്ലെന്നും ആശുപത്രി സൂപ്രണ്ട് പറഞ്ഞു. കഴിഞ്ഞദിവസം ഉച്ചക്ക് രോഗിയുടെ ബൈസ്റ്റാൻഡർ വന്ന് കണ്ട് പരാതി തന്നിരുന്നു. എന്നാൽ എഴുതി തരാൻ ആവശ്യപ്പെട്ടെങ്കിലും തന്നില്ല. അനസ്തേഷ്യ വിഭാഗത്തിൽ ഒരു ഒഴിവുണ്ട്. സ്ഥിരമായി ജോലി ചെയ്യേണ്ടി വരുമ്പോൾ പുറത്ത് നിന്ന് ഒരു പാനലുണ്ടാക്കി അവരെ വിളിക്കുകയാണ് പതിവ്. അവർക്ക് കൊടുക്കുന്ന 2000 രൂപ മതിയാകാതെ വരുമ്പോൾ കൂടുതൽ കൊടുക്കാൻ ഗൈനക്കോളജിസ്റ്റ് പറയുന്നുണ്ടാവാമെന്നും സൂപ്രണ്ട് വിശദീകരിച്ചു.

# വി.സി നിയമനം റദ്ദാക്കിയ വിധിക്കെതിരെ കേരളം പുനഃപരിശോധന ഹർജി നൽകും

## ആശാൻ

സംസ്ഥാന സർക്കാരുകൾ ചാനൽ നടത്തരുതെന്ന് നിർദ്ദേശം, നിലവിലെ പ്രക്ഷേപണം പ്രസാർ ഭാരതി വഴിയാക്കണം



എല്ലാം അങ്ങ് കേന്ദ്രം പറയും ഇനി

**ന്യൂഡൽഹി:** സാങ്കേതിക സർവകലാശാല വൈസ് ചാൻസലർ രാജശ്രീ എം എസിന്റെ നിയമനം റദ്ദാക്കിയ വിധിക്കെതിരെ സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ പുനഃപരിശോധന ഹർജി നൽകും. സീനിയർ അഭിഭാഷകരുടെ നിയമ ഉപദേശം ലഭിച്ച ശേഷം ഹർജി ഫയൽ ചെയ്യുന്നതിനുള്ള തുടർ നടപടികൾ സർക്കാർ സ്വീകരിക്കും. സുപ്രീം കോടതി വിധി മറ്റ് സർവകലാശാലകളിലെ വൈസ് ചാൻസലർമാരുടെ നിയമനത്തെ പോലും ബാധിക്കാൻ സാധ്യത ഉള്ളതിനാലാണ് സംസ്ഥാന സർക്കാർ പുനഃപരിശോധന ഹർജി നൽകുന്നത്.
സുപ്രീം കോടതി ഇന്നലെ പുറപ്പെടുവിച്ച വിധിക്ക് ദൂരവ്യാപക പ്രത്യാഘാതം ഉണ്ടെന്നാണ് സംസ്ഥാന സർക്കാരിന്റെ സീനിയർ അഭിഭാഷകരുടെ വിലയിരുത്തൽ. വൈസ് ചാൻസലർ നിയമനം ഉൾപ്പടെ സർവകലാശാല ഭരണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നിയമസഭാ പാസാക്കുന്ന നിയമങ്ങൾ അപ്രസക്തമാകുമെന്നാണ് സർക്കാരിന്റെ ആശങ്ക. ഇത് ഫെഡറൽ തത്വങ്ങൾക്കും, സുപ്രീം കോടതിയുടെ തന്നെ മുൻ വിധികൾക്കും എതിരാണെന്നും സർക്കാർ വൃത്തങ്ങൾ ചൂണ്ടിക്കാട്ടുന്നു. സുപ്രീം കോടതി വിധി ഉദ്ധരിച്ച് മറ്റ് വൈസ് ചാൻസലർമാരുടെ നിയമനം ചോദ്യം ചെയ്ത് കൂടുതൽ ഹർജികൾ വരും ദിവസങ്ങളിൽ ഹൈകോടതിയിൽ എത്താൻ സാധ്യത ഉണ്ട്. അതിനാൽ എത്രയും വേഗം പുനഃപരിശോധന ഹർജി ഫയൽ ചെയ്യണം എന്നാണ് സർക്കാരിന് ലഭിച്ചിരിക്കുന്ന നിയമ ഉപദേശം.
രാജശ്രീ എം എസിന്റെ നിയമനം റദ്ദാക്കിക്കൊണ്ട് സുപ്രീം കോടതി പുറപ്പെടുവിച്ച വിധിയിലെ രണ്ട് നിഗമനങ്ങളോട് സർക്കാർ പൂർണ്ണമായും വിയോജിക്കുന്നു. സംസ്ഥാന നിയമം നിലനിൽക്കുമ്പോഴും, യുജിസി ചട്ടങ്ങളാണ് നടപ്പാക്കേണ്ടത് എന്നാണ് വിധിയിൽ ജസ്റ്റിസ്മാരായ എം ആർ ഷാ, സി ടി രവികുമാർ എന്നിവർ അടങ്ങിയ ബെഞ്ച് വ്യക്തമാക്കിയത്. എന്നാൽ 2010ലെ യുജിസി ചട്ടങ്ങൾക്ക് നിർദേശക സ്വഭാവം മാത്രമേ ഉള്ളുവെന്നും, അത് നിർബന്ധമായും നടപ്പാക്കാൻ സർക്കാരിനോ സർവകലാശാലയ്ക്കോ ബാധ്യത ഇല്ലെന്നുമാണ് സംസ്ഥാനത്തിന്റെ നിലപാട്. യുജിസി ചട്ടങ്ങൾ സർക്കാർ അംഗീകരിച്ചിട്ടില്ലെങ്കിൽ സംസ്ഥാന നിയമം ആണ് നടപ്പാക്കേണ്ടത് എന്ന് 2015 ൽ ജസ്റ്റിസ്മാരായ എസ് ജെ മുഖോപാധ്യായ, എൻ വി രമണ എന്നിവർ അടങ്ങിയ ബെഞ്ച് വിധിച്ചിട്ടുണ്ട്. ഇക്കാര്യം പുനഃപരിശോധന ഹർജിയിൽ സംസ്ഥാന സർക്കാർ ആവർത്തിക്കും.
വിസി നിയമനം റദ്ദാക്കിക്കൊണ്ടുള്ള വിധിയിൽ സെർച്ച് കമ്മിറ്റി രൂപീകരണം സംബന്ധിച്ച നിലപാടും പുനഃപരിശോധിക്കണമെന്നാണ് കേരളത്തിന്റെ ആവശ്യം. ഭേദഗതി ചെയ്ത 2013 ലെ യുജിസി ചട്ടങ്ങളിൽ സെർച്ച് കമ്മിറ്റി രൂപീകരികാൻ സംസ്ഥാനം നിയമം കൊണ്ട് വരണമെന്ന് നിർദേശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 2015 ൽ നിയമസഭാ പാസാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ ആണ് സാങ്കേതിക സർവകലാശാലയുടെ വൈസ് ചാൻസലറെ നിയമിക്കാനുള്ള സെർച്ച് കമ്മിറ്റി രൂപീകരിച്ചത് എന്നും സംസ്ഥാന സർക്കാർ ചൂണ്ടിക്കാട്ടുന്നു. 2013ലെ ഭേദഗതി ചെയ്ത ചട്ടങ്ങൾ യുജിസി കൃത്യമായി വിലയിരുത്തിയില്ല എന്നാണ് കേരളത്തിന്റെ ആക്ഷേപം. നിയമനം റദ്ദാക്കിയതിന് എതിരെ രാജശ്രീ എം എസ്സും സുപ്രീം കോടതിയിൽ പുനഃപരിശോധന ഹർജി നൽകും

**പുനഃപരിശോധന ഹർജി പരിഗണിക്കുന്നതും ജസ്റ്റിസ് ഷാ അധ്യക്ഷനായ ബെഞ്ച്**

വൈസ് ചാൻസലർ നിയമനം റദ്ദാക്കി കൊണ്ടുള്ള വിധിക്ക് എതിരെ നൽകുന്ന പുനഃപരിശോധന ഹർജികൾ പരിഗണിക്കുന്നത് ജസ്റ്റിസ് എം ആർ ഷാ, സി ടി രവികുമാർ എന്നിവർ അടങ്ങിയ ബെഞ്ചാണ്. ഈ ബെഞ്ചാണ് കഴിഞ്ഞ ദിവസം നിയമനം റദ്ദാക്കി കൊണ്ടുള്ള വിധി പ്രസ്താവിച്ചത്. പുനഃപരിശോധന ഹർജികൾ വിരളമായ അവസരങ്ങളിൽ മാത്രമേ സംസ്ഥാന കോടതി അംഗീകരിക്കാറുള്ളു.
പുനഃപരിശോധന ഹർജി തള്ളിയാൽ തിരുത്തൽ ഹർജി നൽകുകാനുള്ള അവസരം സംസ്ഥാന സർക്കാരിന് ഉണ്ടാകും. തിരുത്തൽ ഹർജി പരിഗണിക്കുക ചീഫ് ജസ്റ്റിസ് നേതൃത്വം നൽകുന്ന ബെഞ്ച് ആകും. അക്കാലത്ത് ചീഫ് ജസ്റ്റിസ് ആയിരിക്കുന്ന ഡി. വൈ ചന്ദ്രചൂഡ്, ജസ്റ്റിസ് മാരായ സഞ്ജയ് കിഷൻ കൗൾ, അബ്ദുൾ നസീർ, എം ആർ ഷാ, സി ടി രവികുമാർ എന്നിവർ അടങ്ങിയ ബെഞ്ചാകും തിരുത്തൽ ഹർജി കേൾക്കുക. പുനഃപരിശോധന ഹർജിയും, തിരുത്തൽ ഹർജിയും ചേമ്പറിൽ ആണ് ആദ്യം പരിഗണിക്കുക. ബെഞ്ചിന് ബോധ്യമായാൽ മാത്രമേ അവ തുറന്ന കോടതിയിൽ വാദം കേൾക്കുകയുള്ളു.




കേരള പ്രണാമം
സത്യം വദഃ ധർമ്മം ചരഃ
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച

ലോകത്തിന്റെ
വെളിച്ചമാണ് പുസ്തകങ്ങൾ



മഹാത്മാ ഗാന്ധി

## പൊലീസിനുള്ളിലെ ക്രിമിനലുകൾ

പലവട്ടം പോലീസുകാരുടെ ക്രൂരതകൾ ഈ സർക്കാരിനു കടുത്ത മാനക്കേട് ഉണ്ടാക്കിയിട്ടുണ്ട്. സംസ്ഥാനത്തിനാകെ നിരാശയേകി അത്തരത്തിൽ ഒന്നുകൂടി ആവർത്തിച്ചിരിക്കുന്നു. കിളികൊല്ലൂർ പോലീസ് സ്റ്റേഷനിൽ പൊതുപ്രവർത്തകനായ യുവാവിനും സൈനികനായ സഹോദരനും നേരിടേണ്ടിവന്ന ക്രൂരമർദ്ദനം മന:സാക്ഷിയുള്ള ആരെയും ഞെട്ടിക്കുന്നതായി. പോലീസ് സേനയിലെ ചിലരെങ്കിലും തങ്ങൾക്കു ലഭിച്ച അധികാരം അടിച്ചൊതുക്കാനും വഴിവിട്ട സ്വാധീനത്തിനും ഉപയോഗിക്കുമ്പോൾ സർക്കാരിലുള്ള പ്രതീക്ഷയാണ് ജനങ്ങൾക്കു നഷ്ടമാകുന്നത്. വാക്കിലും നോക്കിലും കണിശതയുള്ള ആളാണ് മുഖ്യമന്ത്രി പിണറായി വിജയൻ. എന്നാൽ, മുഖ്യമന്ത്രി തന്നെ കൈകാര്യം ചെയ്യുന്ന വകുപ്പിലെ ചില ഉദ്യോഗസ്ഥർ തങ്ങളുടെ കടമ മറന്നു എന്നുമാത്രമല്ല ജനങ്ങൾക്കു ഭീഷണിയുമായി കിരാതവേഷമിടുന്നു. ഇത്തരക്കാരെ നിയന്ത്രിക്കാൻ കഴിയാതെ വന്നതോടെ ആഭ്യന്തര വകുപ്പിന്റെ പരാജയത്തെക്കുറിച്ചുള്ള ആക്ഷേപവും മുഖ്യമന്ത്രി കേൾക്കേണ്ടിവരുന്നു.

കൊല്ലം പേരൂർ ഇന്ദീവരത്തിൽ വിഘ്നേഷ് (25),െ സൈനികനായ ജ്യേഷ്ഠസഹോദരൻ വിഷ്ണു(30) എന്നിവർക്കാണ് പോലീസിന്റെ ക്രൂരമർദ്ദനം ഏൽക്കേണ്ടിവന്നത്. ഒരു മാസം മുമ്പ് നടന്ന സംഭവത്തിൽ ആദ്യം പുറത്തുവന്നതിനു വിരുദ്ധമായ കാര്യങ്ങളാണ് പിന്നീട് അറിയാനായത്. ഇവർ ഇരുവരേയും കുറ്റക്കാരായി ചിത്രീകരിച്ചുള്ള വിശദീകരണമാണ് പോലീസ് മാധ്യമങ്ങൾക്ക് ആദ്യം നൽകിയത്. ഓഗസ്റ്റ് 25ന് മാരക ലഹരിമരുന്നുമായി രണ്ട് യുവാക്കൾ പിടിയിലായതോടെയാണ് സംഭവങ്ങൾക്കു തുടക്കം. ഇതുമായി ബന്ധപ്പെട്ട് സ്റ്റേഷനിലെത്തിയ ഇവരുടെ സുഹൃത്തുക്കളായ വിഘ്നേഷും വിഷ്ണുവും സ്റ്റേഷനിൽ അതിക്രമം കാട്ടുകയും വിഷ്ണു കെയിലെ ഇരുമ്പുവള ഊരി എ.എസ്.ഐയെ മർദ്ദിക്കുകയും ചെയ്തു എന്നായിരുന്നു പോലീസിന്റെ ഭാഷ്യം. പോലീസുകാരെ സ്റ്റേഷനിൽ കയറി മർദ്ദിച്ചുവെന്ന കുറ്റത്തിന് ഇരുവർക്കും 12 ദിവസം ജയിലിൽ കിടക്കേണ്ടിവന്നു. പുറത്തിറങ്ങിയശേഷം തെളിവുകൾ നിരത്തി ഇവർ പറയുമ്പോഴാണ് സത്യത്തിൽ പോലീസ് സ്റ്റേഷനിൽ നടന്ന കാര്യം കേരളം ഞെട്ടലോടെ അറിയുന്നത്. സംഭവവുമായി ബന്ധപ്പെട്ട് എതാനും തെളിവുകൾ ശേഖരിക്കാൻ കഴിഞ്ഞതാണ് അവർക്ക് രക്ഷയായത്. സത്യത്തിൽ മയക്കുമരുന്ന് കേസിൽ അറസ്റ്റിലായവർക്കു ജാമ്യമെടുക്കാൻ വിഘ്നേഷിനെ നാട്ടുകാരനായ പോലീസുകാരൻ സ്റ്റേഷനിലേക്കു വിളിച്ചുവരുത്തുകയായിരുന്നു. മയക്കുമരുന്നുമായി ബന്ധപ്പെട്ട കേസാണെന്ന് അറിഞ്ഞപ്പോൾ ജാമ്യം നിൽക്കാൻ തയാറല്ലെന്നു പോലീസുകാരെ അറിയിച്ചതായി വിഘ്നേഷ് സിറ്റി പോലീസ് കമ്മിഷണർക്ക് നൽകിയ പരാതിയിൽ പറയുന്നു. പി.എസ്.സി പരീക്ഷയെഴുതി പോലീസ് റാങ്ക് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള കാര്യവും വിഘ്നേഷ് പോലീസിനോടു പറഞ്ഞു. ഇതിനിടെ സ്റ്റേഷനിലേക്ക് എത്തിയ വിഷ്ണുവിന്റെ ബൈക്ക് പാർക്കുചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ ഇടപെട്ട് പോലീസ് മർദ്ദിക്കുകയാണ് ചെയ്തതെന്ന് വിഘ്നേഷ് പറയുന്നു. പുറത്തുനിന്ന് വിഘ്നേഷിനേയും വിഷ്ണുവിനേയും സ്റ്റേഷനിലേക്ക് പിടിച്ചുകൊണ്ടു പോകുന്നതിന്റെ ദൃശ്യങ്ങൾ സാമൂഹിക മാധ്യമങ്ങളിലടക്കം പ്രചരിക്കുന്നുണ്ട്. സ്റ്റേഷന് അകത്തുവച്ച് ഇരുവർക്കും പോലീസുകാരിൽനിന്ന് കൂട്ടമായി നേരിടേണ്ടവന്ന ക്രൂരമർദ്ദനത്തിന്റെ പാടുകൾ അവരുടെ ശരീരത്തിൽ ഇപ്പോഴുമുണ്ട്.െ സൈനികനാണെന്നു പറഞ്ഞ വിഷ്ണുവിനു കിട്ടിയത് മുഖം പൊത്തിയുള്ള അടിയാണ്. ലാത്തി ഒടിയുന്നതുവരെ അടിക്കാൻ മടികാണിക്കാത്തവർ മനുഷ്യരോ മൃഗങ്ങളോ?.

പിന്നീട് സ്പെഷൽബ്രാഞ്ച് നടത്തിയ അന്വേഷണത്തിൽ സഹോദരന്മാർക്കും പോലീസുകാർക്കും മർദ്ദനമേറ്റതായി കണ്ടെത്തുകയുണ്ടായി. നാലു പോലീസുകാരെ സസ്പെൻഡു ചെയ്തിരിക്കുന്നു. ഇനി ഈ കേസിൽ എന്തു സംഭവിക്കുമെന്ന് എല്ലാവർക്കും അറിയാം. സസ്പെൻഷൻ, സ്ഥലംമാറ്റം തുടങ്ങിയ പ്രഹസനങ്ങൾക്കുശേഷം മാസങ്ങൾക്കുള്ളിൽ പോലീസുകാർ ഔദ്യോഗിക കൃത്യനിർവഹണം സുഗമമായി തുടരും എന്നതാണ് ഇതുവരെയുള്ള ചരിത്രം. മർദ്ദനമേറ്റ സൈനികന്റെ വിവാഹം മുടങ്ങുന്ന സാഹചര്യമുണ്ടായി. കഷ്ടപ്പെട്ട് പഠിച്ച് പരീക്ഷയെഴുതി ജോലി കാത്തിരിക്കുന്ന ആ യുവാവിന്റെ ഗതി ഇനി എന്താകും?. പരസഹായം കൂടാതെ നടക്കാൻ പ്രയാസമുള്ള വിഘ്നേഷിന് പോലീസ് സെലക്ഷന്റെ ഭാഗമായുള്ള പരിശോധനകൾക്ക് പങ്കെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷയില്ല.

ഒരു കുടുംബത്തിന്റെ സ്വപ്നങ്ങളാണ് പോലീസുകാർ ഒരു സ്റ്റേഷനിലിട്ട് ചവിട്ടിക്കൂട്ടിയത്. ലഹരിക്കെതിരേ നാട് സർവസന്നാഹത്തോടെ പൊരുതുന്ന കാലത്ത് ലഹരിക്കേസിലെ പ്രതിക്ക് ജാമ്യം സംഘടിപ്പിച്ച് കൊടുക്കാൻ പോലീസ് നടത്തിയ ശുഷ്ക്കാന്തിയെ എങ്ങനെ വിശേഷിപ്പിക്കാനാകും. ഇവരെയാണ് നാടിന്റെ കാവലിന് ഖജനാവിൽനിന്ന് പണം കൊടുത്ത് സർക്കാർ പോറ്റുന്നത്. മാങ്ങാ കേസ് ആയാലും മർദ്ദനമാണെങ്കിലും തങ്ങളിലൊരാൾ കുറ്റക്കാരനെന്നു വരുമ്പോൾ മറക്കുന്ന ധാർമികതയും സത്യസന്ധതയുമാണ് കേരളാ പോലീസിനെ പേടിയോടെയും പ്രതീക്ഷാശൂന്യമായും കാണാൻ ജനങ്ങളെ വീണ്ടും വീണ്ടും പ്രേരിപ്പിക്കുന്നത്. കിളികൊല്ലൂരിലെ പോലീസുകാർക്ക് സമർഥമായി കഥ മെനയാനും മാധ്യമങ്ങളെ തെറ്റിദ്ധരിപ്പിക്കാനും തുടക്കത്തിൽ കഴിഞ്ഞു. നൂറ്റൊന്നുതവണ ആവർത്തിച്ച കാര്യം ഒരിക്കൽക്കൂടി പറയുന്നു, ക്രിമിനലുകൾ പോലീസിൽ വേണ്ട എന്ന് തീരുമാനിച്ചുറച്ച് നീങ്ങിയാലേ പോലീസ് സേനയെ ശുദ്ധീകരിക്കാൻ കഴിയൂ. അതല്ല, പോലീസിനെ രാഷ്ട്രീയ ആയുധമായി ഉപയോഗിക്കാനും അധികാരികൾക്ക് വിടുപണി ചെയ്യാനുമുള്ള കൂട്ടമായാണ് കരുതുന്നതെങ്കിൽ സാധാരണക്കാരുടെ മുതുകുചവിട്ടിപ്പൊളിക്കാൻ ക്രിമിനലുകൾ സേനയിൽ വളർന്നുകൊണ്ടേയിരിക്കും ഇവരുടെ സംരക്ഷകരാണ് യഥാർഥത്തിൽ മുഖ്യ കുറ്റക്കാർ.





# വാക്ക് പാലിച്ച് മോദി, പത്ത് ലക്ഷം പേർക്ക് സർക്കാർ ജോലി; 75000പേർക്ക് നിയമന ഉത്തരവ് കൈമാറി

**ന്യൂഡൽഹി**: കേന്ദ്ര സർക്കാരിന് കീഴിലുള്ള വിവിധ വകുപ്പുകളിൽ പത്ത് ലക്ഷം പേരെ നിയമിക്കാനുള്ള നടപടികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കമിട്ടു.പത്ത് ലക്ഷം പേരെ റിക്രൂട്ട് ചെയ്യുന്നതിനുള്ള മെഗാ 'റോസ്ഗർ മേള' എന്ന ജോബ് ഫെസ്റ്റിന് വീഡിയോ കോൺഫറൻസിലൂടെയാണ് പ്രധാനമന്ത്രി തുടക്കമിട്ടത്. 75,000 പേർക്കുള്ള നിയമന ഉത്തരവും പ്രധാനമന്ത്രി തൊഴിൽമേളയിൽ കൈമാറി.റാങ്ക് ലിസ്റ്റിലുള്ളവരുമായി വീഡിയോ കോൺഫറൻസിലൂടെ പ്രധാനമന്ത്രി സംവദിച്ചു. രാജ്യത്തെ വിവിധ നഗരങ്ങളിൽ നിന്നായി കേന്ദ്രമന്ത്രിമാരും പരിപാടിയിൽ പങ്കെടുത്തു. കേന്ദ്ര സർക്കാരിന്റെ 38 മന്ത്രാലയങ്ങൾക്ക് കീഴിലാണ് പത്ത് ലക്ഷം പേർക്ക് നിയമനം നൽകുന്നത്. പ്രതിരോധം, റെയിൽവേ, ആഭ്യന്തരം, തൊഴിൽ വകുപ്പുകളിലേയ്ക്കും കേന്ദ്ര ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ്, സിബിഐ, കസ്റ്റംസ്, ബാങ്കിംഗ് എന്നിവയിലേയ്ക്കുമാണ് നിയമനം. ഒന്നര വർഷത്തിനകം പത്ത് ലക്ഷം പേർക്ക് ജോലി നൽകുമെന്നും 75,000 യുവാക്കൾക്ക് ദീപാവലിക്ക് മുമ്പായി നിയമനം നൽകുമെന്നും കഴിഞ്ഞ ജൂണിലാണ് പ്രധാനമന്ത്രി പ്രഖ്യാപിച്ചത്.കേന്ദ്ര സർക്കാരിന്റെ വിവിധ വകുപ്പുകളിലായി ഗ്രൂപ്പ് എ (ഗസറ്റഡ് )?– 23584, ഗ്രൂപ്പ് ബി (ഗസറ്റഡ്– 26282, ഗ്രൂപ്പ് ബി (നോൺഗസറ്റഡ്)?– 92525, ഗ്രൂപ്പ് സി– 8.36 ലക്ഷം എന്നിങ്ങനെയാകും അടുത്ത ഒന്നര വർഷത്തിനകം നിയമനം നൽകുക. പ്രതിരോധമന്ത്രാലയം, റെയിൽവേ, ആഭ്യന്തരമന്ത്രാലയം എന്നിവിടങ്ങളിലായാണ് കൂടുതൽ ഒഴിവുകളുള്ളത്.



# കടക്ക് പുറത്ത്...! ചൈനീസ് പാർട്ടി കോൺഗ്രസ് വേദിയിൽ നാടകീയ രംഗങ്ങൾ; മുൻ പ്രസിഡന്റിനെ പിടിച്ചു പുറത്താക്കി

ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ (സിസിപി) ഇരുപതാം ദേശീയ കോൺഗ്രസിന്റെ സമാപന വേദയിൽ നാടകീയ രംഗങ്ങൾ. ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുൻ ജനറൽ സെക്രട്ടറിയും ചൈനീസ് പ്രസിഡന്റുമായിരുന്ന മുതിർന്ന നേതാവ് ഹു ജിന്റാവോയെ സമാപന വേദിയിൽ നിന്ന് പുറത്താക്കി. ഇന്ന് നടന്ന സമാപന യോഗത്തിലാണ് ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്ങിന്റെ മുൻഗാമിയായ ഹു ജിന്റാവോയെ അപ്രതീക്ഷിതമായി പുറത്താക്കിയത്.

ബീജിംഗിലെ ഗ്രേറ്റ് ഹാൾ ഓഫ് പീപ്പിൾ ഓഡിറ്റോറിയത്തിന്റെ സ്റ്റേജിൽ ഷിയുടെ ഇടതുവശത്താണ് 79 കാരനായ ഹു ജിന്റാവോ ഇരുന്നത്. തുടർന്ന് മാധ്യമങ്ങളോട് നേതാക്കൾ സംസാരിക്കാൻ തുടങ്ങുന്നതിന് മുൻപ വേദിയിലേക്കെത്തിയ ഒരാൾ കസേരയിൽ നിന്ന് നിർബന്ധിച്ച് പിടിച്ചെഴുന്നേൽപ്പിക്കാൻ ശ്രമിക്കുകയായിരുന്നു. എഴുന്നേൽക്കാൻ അദ്ദേഹം വിസമതിച്ചതോടെ ഒരാൾ കൂടി അവിടേക്കെത്തി. രണ്ട് പേർ ചേർന്ന് ജിന്റാവോയെ കസേരയിൽ നിന്ന് പിടിച്ചെഴുന്നേൽപ്പിച്ചു.

എന്താണ് സംഭവിക്കുന്നതെന്ന് അറിയാതെ ആകെ ആശയക്കുഴപ്പത്തിലായ ജിന്റാവോ പ്രസിഡന്റ് ഷി ജൻപിങ്ങിന്റെ കൈയിൽ പിടിക്കാൻ ശ്രമിച്ചെങ്കിലും അദ്ദേഹവും മുഖം തിരിക്കുകയായിരുന്നു. നിർബന്ധിച്ച് ജിന്റാവോയെ കസേരിയിൽ നിന്ന് പിടിച്ചെഴുന്നേൽപ്പിച്ചപ്പോഴും ഒന്നും അറിയാത്ത ഭാവത്തിൽ തൊട്ടടുത്ത ഇരിപ്പിടത്തിൽ ഷി ജിൻപിങ് തുടർന്നു. സംഭവത്തിന്റെ ദൃശ്യങ്ങൾ അന്തർദേശീയ മാധ്യമങ്ങൾ പുറത്തു വിട്ടു.പുറത്തേക്ക് കൊണ്ടു പോകുമ്പോൾ ഷിയോട് ജിന്റാവോ എന്തോ പറയുന്നതും വീഡിയോയിൽ കാണാം. വലതുവശത്ത് ഇരുന്ന ലീ കെകിയാങ്ങിന്റെ തോളിലും അദ്ദേഹം തട്ടി.

അഞ്ച് വർഷത്തിലൊരിക്കൽ നടക്കുന്ന കോൺഗ്രസ് പാർട്ടിയുടെ ഭരണഘടനയിലെ ഭേദഗതികളോടെയാണ് സമാപിച്ചത്. ആരോഗ്യ പ്രശ്നങ്ങളെ തുടർന്ന് ജിന്റാവോ വിശ്രമത്തിലായിരുന്നെങ്കിലും ഷി ജിൻപിങ്ങിന്റെ ഏകാധിപത്യ നയങ്ങൾക്കെതിരെ പാർട്ടിക്കുള്ളിൽ തന്നെ വിമർശനങ്ങൾ ഉയർത്തിയിരുന്ന വ്യക്തിയാണ് അദ്ദേഹം.

അതുകൊണ്ട് തന്നെ പുതുതായി പ്രഖ്യാപിച്ച 205 അംഗ കേന്ദ്ര കമ്മിറ്റിയിൽ ജിന്റാവോയോട് അടുപ്പം പുലർത്തിയിരുന്നു ലി കെകിയാങ്ങിനെയും സഹ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗം വാങ് യാങ്ങിനെയും ഉൾപ്പെടുത്തിയിരുന്നില്ല.

ഇരുവർക്കും 67 വയസുണ്ടെങ്കിലും അനൗദ്യോഗിക വിരമിക്കൽ പ്രായത്തിൽ നിന്ന് ഒരു വർഷം കുറവാണ്. എന്നിട്ടും പാർട്ടിയുടെ ഉന്നത തീരുമാനങ്ങൾ എടുക്കുന്ന ഘടകമായ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ഇരുവരേയും നിലനിർത്തിയില്ല.

69 കാരനായ ഷി ജിൻപിങ്ങ് പുതിയ കേന്ദ്ര കമ്മിറ്റി അംഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നുമുണ്ട്.

പാർട്ടി കോൺഗ്രസ് അവസാനിച്ചതിന് ശേഷം ഞായറാഴ്ചയായിരിക്കും സ്റ്റാൻഡിംഗ് കമ്മിറ്റിയെക്കുറിച്ചുള്ള കാര്യങ്ങൾ പുറത്തുവിടുക. എതിരാളികളെ ഉന്മൂലനം ചെയ്തും പാർട്ടിയിലെ മുതിർന്ന നേതാക്കളുടെ സ്വാധീനത്തിന് മങ്ങലേൽപ്പിച്ചും അധികാരം ഉറപ്പിക്കാനായി ഇപ്പോഴത്തെ ചൈനീസ് പ്രസിഡന്റ് നടത്തുന്ന നീക്കങ്ങളുടെ ഭാഗമാണ് ഇന്നുണ്ടായ സംഭവമെന്നും റിപ്പോർട്ടുകളുണ്ട്.

## സ്വപ്നയുടെ വെളിപ്പെടുത്തലിൽ നേതാക്കൾക്കെതിരെ കേസെടുക്കണമെന്ന് കെ സുധാകരൻ

തിരുവനന്തപുരം: സ്വപ്നയുടെ വെളിപ്പെടുത്തലിൽ സിപിഎം നേതാക്കൾക്കെതിരെ കേസെടുക്കണമെന്ന് കെപിസിസി പ്രസിഡന്റ് കെ സുധാകരൻ.

സിപിഎമ്മിലേതുപോലെ ലൈംഗികാതിക്രമങ്ങൾ വേറെ പാർട്ടിയിൽ നടന്നിട്ടുണ്ടോയെന്നും നേതാക്കൾ പ്രതികരിക്കാത്തത് എന്തുകൊണ്ടാണെന്നും അദ്ദേഹം ചോദിച്ചു. അതേസമയം, എൽദോസ് കുന്നപ്പിള്ളിൽ എംഎൽഎയ്ക്കെതിരായ കേസിൽ മുതിർന്ന നേതാക്കളുമായ ചർച്ച ചെയ്യുമെന്നും എംഎൽഎയുടെ വിശദീകരണമടക്കം പരിശോധിച്ച ശേഷം മാത്രമേ നടപടിയെടുക്കൂ എന്നും സുധാകരൻ വ്യക്തമാക്കി.


'ഈ നാട്ടിൽ എന്തെങ്കിലും ക്രമസമാധാനമുണ്ടോ? പൊലീസ് സ്റ്റേഷൻ തന്നെ ഒരു സെമി കോൺസൺട്രേഷൻ ക്യാമ്പായി മാറിയില്ലേ. പണ്ട് ഫാസിസം നടക്കുന്ന കാലത്ത് പൊലീസ് സ്റ്റേഷനുകൾ വെറും ജയിലറകളായിരുന്നു. ഇന്ന് അതുപോലെയാണ്. പൊലീസ് സ്റ്റേഷനിൽ ഏത് നിരപരാധി പോയാലും പരിക്കോടെയാണ് തിരിച്ച് വരുന്നത്. എന്തിനും ഏതിനും തല്ലാണ്. പരമാവധി ഒരു ട്രാൻസ്ഫർ അല്ലാതെ ആരെയെങ്കിലും നിയമത്തിന് വിധേയരാക്കിയിട്ടുണ്ടോ? അതുകൊണ്ട് തന്നെ തങ്ങളുടെ തെറ്റ് തിരുത്താനോ ആവർത്തിക്കാതിരിക്കാനോ പൊലീസ് ഉദ്യോഗസ്ഥർ തയാറാകുന്നില്ല. കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ഇത് ആദ്യത്തെ സംഭവമൊന്നും അല്ല. സിപിഎമ്മിൽ നടന്നതുപോലുള്ള ലൈംഗികാതിക്രമങ്ങൾ മറ്റൊരു പാർട്ടിയിലും നടന്നിട്ടില്ല. പക്ഷേ അവരിപ്പോൾ സൽസ്വഭാവികളാണ്. തെളിവുകൾ നിരത്തിയാണ് സ്വപ്ന പറയുന്നത്. എൽദോസിന്റെ വിഷയം വന്നപ്പോൾ ഞങ്ങൾ പ്രതികരിച്ചില്ലേ, അവരുടെ പാർട്ടി അതിനെങ്കിലും തയാറായോ? എൽദോസിന്റെ പേരിൽ കേസെടുക്കാമെങ്കിൽ സ്വപ്നയുടെ വിഷയത്തിൽ അവർക്കെതിരെയും കേസെടുക്കണം. എല്ലാവർക്കും ഒരേ നിയമമല്ലേ.'– കെ സുധാകരൻ ചോദിച്ചു.

## ബംഗാൾ ഉൾക്കടലിൽ തീവ്ര ന്യൂനമർദം; സംസ്ഥാനത്ത് ഒറ്റപ്പെട്ട കനത്ത മഴയ്ക്ക് സാധ്യത

കോഴിക്കോട്: സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്ന് (ശനിയാഴ്ച) ഇടിമിന്നലോടു കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. വടക്കൻ ആൻഡമാൻ കടലിനു മുകളിൽ രൂപപ്പെട്ട ന്യൂനമർദം വടക്കുകിഴക്കൻ ബംഗാൾ ഉൾക്കടലിനും മധ്യകിഴക്കൻ ബംഗാൾ ഉൾക്കടലിനും മുകളിൽ തീവ്ര ന്യൂനമർദമായി ശക്തി പ്രാപിച്ചതാണ് മഴ സാധ്യതയ്ക്കു കാരണം.

ഞായറാഴ്ച രാവിലെയോടെ അതിതീവ്ര ന്യൂനമർദമായി ഇത് ശക്തി പ്രാപിക്കാനാണ് സാധ്യത. തുടർന്ന് വടക്ക്–വടക്കുകിഴക്ക് ഭാഗത്തേക്ക് തിരിഞ്ഞ് തിങ്കളാഴ്ച രാവിലെയോടെ മധ്യ ബംഗാൾ ഉൾക്കടലിൽ ചുഴലിക്കാറ്റായി മാറുമെന്നാണ് കാലാവസ്ഥാ പ്രവചനം.

വടക്ക് –വടക്ക് കിഴക്ക് ദിശയിൽനിന്ന് നീങ്ങി ഒക്ടോബർ 25–ന് രാവിലെയോടെ ബംഗ്ലാദേശ് തീരത്ത് ടിങ്കൊണ ദ്വീപിനും സാൻഡ് വൈപിനുമിടയിൽ കരയിൽ പ്രവേശിക്കാൻ സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു



# ദീപാവലി: ഗുജറാത്തിൽ ഗതാഗത നിയമലംഘനങ്ങൾക്ക് ഒരാഴ്ച പിഴയില്ല; പകരം പൂക്കൾ

**അഹമ്മദാബാദ്:** ദീപാവലി പ്രമാണിച്ച് ഗുജറാത്തിൽ ഏഴു ദിവസം ഗതാഗത നിയമലംഘനങ്ങൾക്ക് പിഴ ഈടാക്കില്ല. വെള്ളിയാഴ്ചയാണ് സംസ്ഥാന ആഭ്യന്തര മന്ത്രി ഹർഷ് സംഘവി ഇതുസംബന്ധിച്ച പ്രഖ്യാപനം നടത്തിയത്. ഒക്ടോബർ 27 വരെ പിഴ ഈടാക്കില്ലെന്നാണ് പ്രഖ്യാപനം.

മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരമാണ് ആഭ്യന്തരമന്ത്രാലയത്തിന്റെ നടപടിയെന്ന് സംഘവി അറിയിച്ചു. ഡ്രൈവിങ് ലൈസൻസ് ഇല്ലാതെയോ ഹെൽമെറ്റ് ഇല്ലാതെയോ ആരെയെങ്കിലും കണ്ടെത്തിയാൽ അവരിൽ നിന്ന് പോലീസ് പിഴ ഈടാക്കില്ല. പകരം അവർക്ക് പൂക്കൾ നൽകും.

'ഇതിനർഥം നിങ്ങൾ നിയമലംഘനങ്ങൾ നടത്തണമെന്നല്ല. എന്നാൽ, തെറ്റ് ചെയ്താൽ പിഴ ഈടാക്കില്ല'– ജനങ്ങളെ അഭിസംബോധന ചെയ്യവെ മന്ത്രി പറഞ്ഞു.

മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേലിന്റെ മറ്റൊരു ജനപ്രിയ നടപടിയെന്നാണ് സംഘവി ഇതിനെ വിശേഷിപ്പിച്ചത്. മന്ത്രിയുടെ പ്രഖ്യാപനത്തിന് സാമൂഹിക മാധ്യമങ്ങളിൽ വ്യത്യസ്ത പ്രതികരണങ്ങളാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. പ്രഖ്യാപനത്തെ വിമർശിച്ചും അനുകൂലിച്ചും ആളുകൾ രംഗത്തെത്തി. വർഷാവസാനം നടക്കുന്ന തിരഞ്ഞെടുപ്പ് ലക്ഷ്യമിട്ടാണ് ബി.ജെ.പി. സർക്കാരിന്റെ നടപടിയെന്നും വിമർശനമുയരുന്നുണ്ട്.



# ദീപാവലി: പടക്കം പൊട്ടിക്കൽ രാത്രി 8 മുതൽ 10 വരെ മതി, ഹരിതപടക്കങ്ങൾ മാത്രംവിൽക്കണം, സർക്കാർ ഉത്തരവിറക്കി

**തിരുവനന്തപുരം:**അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കുന്നതിൻറെ ഭാഗമായി, ദീപാവലി ആഘോഷങ്ങളിൽ പടക്കം പൊട്ടിക്കുന്നത് രാത്രി എട്ടു മുതൽ 10 വരെയും ക്രിസ്മസ്, പുതുവത്സരാഘോഷങ്ങളിൽ രാത്രി 11.55 മുതൽ പുലർച്ചെ 12.30യുമാക്കി നിയന്ത്രിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ദേശീയ ഹരിത ട്രിബ്യൂണലിൻറെ ഉത്തരവിൻറെ അടിസ്ഥാനത്തിലാണു നിർദേശം.
ദീപാവലി ആഘോഷങ്ങൾക്കു രാത്രി എട്ടു മുതൽ പത്തു വരെയും ക്രിസ്മസ്, ന്യൂ ഇയർ ആഘോഷങ്ങൾക്കു രാത്രി 11.55 മുതൽ 12.30 വരെയും മാത്രമായി പടക്കം പൊട്ടിക്കാൻ സമയം പരിമിതപ്പെടുത്തിയാണ് ട്രിബ്യൂണലിന്റെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.
ആഘോഷങ്ങളിൽ ഹരിത പടക്കം മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. പടക്കം പൊട്ടിക്കുന്നതിനുള്ള സമയ നിയന്ത്രണം ഉറപ്പാക്കുന്നതിനും സംസ്ഥാനത്ത് ഹരിത പടക്കങ്ങൾ മാത്രമേ വിൽക്കുന്നുള്ളൂവെന്ന് ഉറപ്പാക്കുന്നതിനും ജില്ലാ കളക്ടർമാർക്കും ജില്ലാ പൊലീസ് മേധാവിമാർക്കും നിർദേശം നൽകി ആഭ്യന്തര വകുപ്പ് ഉത്തരവു പുറപ്പെടുവിച്ചു.
നാടും നഗരവും വർണപ്രഭയിലാകുമ്പോഴും പടക്കവും കമ്പിത്തിരിയുമെല്ലാമായി ദീപാവലി ആഘോഷിക്കാത്ത ഗ്രാമമാണിത്. ആഘോഷം പുത്തൻ വസ്ത്രങ്ങളും മധുരപലഹാരങ്ങളും രംഗോലിയുമൊക്കെയായി മാത്രം. ശിവഗംഗ ജില്ലയിലെ സിംഗംപുണരിക്കടുത്തുള്ള കൊല്ലുഗുഡിപ്പട്ടി ദീപാവലിക്കാലത്ത് എന്നല്ല ഈയടുത്ത മാസങ്ങളിലെ ഒരാഘോഷ കാലത്തും ഇവിടെ ഒരൊറ്റ പടക്കം പോലും പൊട്ടില്ല..
പക്ഷികൾക്കുവേണ്ടിയാണ് ഇവർ പടക്കം ഒഴിവാക്കുന്നത്. വേട്ടാങ്കുടി പക്ഷിസങ്കേതം ഈ ഗ്രാമത്തിലാണ്. വിവിധ ഏഷ്യൻ, യൂറോപ്യൻ, ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുമുള്ള ദേശാടനപക്ഷികൾ ഗ്രാമത്തിൽ വന്ന് കൂടുകൂട്ടുന്ന സമയമാണിത്. ഗ്രേ ഹെറോൺസ്, ഡാർട്ടേഴ്സ്, സ്പൂൺ ബിൽസ്, ഏഷ്യൻ ഓപ്പൺ ബിൽ സ്ട്രോക്സ് എന്നുതുടങ്ങി നൂറുകണക്കിന് അപൂർവയിനം പക്ഷികൾ. ഒക്ടോബറിൽ മുട്ടയിട്ട് അടയിരുന്ന് മുട്ടകൾ വിരിഞ്ഞ് പക്ഷിക്കുഞ്ഞുങ്ങൾ പറക്കമുറ്റി ഇവർ വന്ന ദേശത്തേക്ക് തിരിച്ചുപറക്കാൻ ഫെബ്രുവരി മാസമാകും. അവരുടെ സ്വാസ്ഥ്യത്തിന് ശല്യമാകാതിരിക്കാനാണ് ഗ്രാമീണർ ദീപാവലിയുടെ ശബ്ദാഘോഷങ്ങൾ ഒഴിവാക്കുന്നത്.ആദ്യമൊക്കെ പരിസ്ഥിതിപ്രവർത്തകരുടേയും വനം വകുപ്പിൻറേയും നിർദേശങ്ങളുണ്ടായിരുന്നു. എന്നാൽ കഴിഞ്ഞ നാലുപതിറ്റാണ്ടോളമായി ഈ ഉത്തരവാദിത്തം ഗ്രാമീണർ തന്നെ ഏറ്റെടുക്കുന്നു. ആഗോള അതിഥികൾക്ക് ശല്യമാകുന്ന ശബ്ദഘോഷങ്ങൾ ഒഴിവാക്കേണ്ടത് അവർ ഉത്തരവാദിത്തമായി കാണുന്നു.






# ലഹരിക്കെതിരേ തിങ്കളാഴ്ച വീടുകളിൽ ദീപം തെളിയും

**തിരുവനന്തപുരം:** മയക്കുമരുന്നിനെതിരെയുള്ള സംസ്ഥാനസർക്കാരിന്റെ പ്രചാരണ പരിപാടികളുടെ ഭാഗമായി തിങ്കളാഴ്ച വൈകിട്ട് ആറ് മണിക്ക് സംസ്ഥാനത്തെ എല്ലാ വീടുകളിലും ദീപം തെളിയിക്കും. ലഹരിക്കെതിരെയുള്ള കേരളത്തിന്റെ ഈ മഹാ പോരാട്ടത്തിൽ പങ്കാളികളായി വീടുകളിൽ ദീപം തെളിയിക്കാൻ എല്ലാവരും തയ്യാറാകണമെന്ന് എക്സൈസ് മന്ത്രി എം.ബി രാജേഷ് പറഞ്ഞു. ഞായർ, തിങ്കൾ ദിവസങ്ങളിൽ സംസ്ഥാനത്തെ എല്ലാ ഗ്രന്ഥശാലകളിലും ദീപം തെളിയിക്കുന്ന പരിപാടി നടക്കും. ഇതിന്റെ ഭാഗമായി ഇന്ന്(ശനിയാഴ്ച) എല്ലാ നിയോജക മണ്ഡലങ്ങളിലും എംഎൽഎമാരുടെ നേതൃത്വത്തിൽ ലഹരിക്കെതിരെ ദീപം തെളിയിക്കുകയും ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുമെന്നും തദ്ദേശ മന്ത്രി അറിയിച്ചു ഒക്ടോബർ രണ്ടിന് ആരംഭിച്ച പ്രചാരണത്തിന്റെ ഭാഗമായി വിവിധ ബോധവത്കരണ പരിപാടികളാണ് സംസ്ഥാനത്തെങ്ങും നടന്നുവരുന്നത്. നവംബർ ഒന്നിനാണ് ഒന്നാം ഘട്ട പ്രചാരണം അവസാനിക്കുന്നത്. ഒന്നാം തീയതി സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും ഓഫീസുകളിലും ലഹരിക്കെതിരെ വിദ്യാർഥികളും പൊതുജനങ്ങളും ശൃംഖല തീർക്കും. വിദ്യാലയങ്ങളില്ലാത്ത സ്ഥലങ്ങളിൽ വാർഡുകളിലെ പ്രധാന കേന്ദ്രത്തിലാകും ശൃംഖല. മയക്കുമരുന്നിനെതിരെയുള്ള പ്രചാരണത്തിൽ പങ്കാളികളാകാൻ എല്ലാവരും രംഗത്തിറങ്ങണമെന്ന് മന്ത്രി അഭ്യർഥിച്ചു




# ജെ.സി.ബി അവാർഡിനു പരിഗണിക്കുന്ന അന്തിമ പട്ടിക പ്രസിദ്ധീകരിച്ചു: മലയാളത്തിൽ നിന്ന് 'വല്ലി'യും

**അമേരിക്ക** : ജെ.സി.ബി അവാർഡിനു പരിഗണിക്കുന്ന അന്തിമ പട്ടിക പ്രസിദ്ധീകരിച്ചു: മലയാളത്തിൽ നിന്ന് 'വല്ലി'യും ഇന്ത്യൻ സമകാലിക സാഹിത്യത്തിന് നൽകുന്ന പ്രധാനപ്പെട്ട ബഹുമതികളിലൊന്നായ ജെ.സി.ബി പുരസ്കാരത്തിനായി പരിഗണിക്കുന്നവരുടെ അന്തിമപട്ടിക പുറത്തുവന്നു. 5 വിവർത്തന പുസ്തകങ്ങളുടെ പട്ടികയാണ് പുറത്തുവിട്ടിരിക്കുന്നത്. ജയശ്രീ കളത്തിൽ വിവർത്തനം ചെയ്ത ഷീലാ ടോമി രചിച്ച മലയാളം രചന വല്ലിയും പട്ടികയിൽ ഇടം നേടിയിട്ടുണ്ട്. ബുക്കർ പ്രൈസ് ജേതാവ് ഗീതാഞ്ചലി ശ്രീയുടെ ഭടോമ്പ് ഓഫ് സാൻഡ്ഭ(ഹിന്ദി), ഖാലിദ് ജാവേദിന്റെ ഭപാരഡൈസ് ഓഫ് ഫുഡ്ഭ (ഉർദു), ചൗദൻ കാബിമോയുടെ ഭസോങ് ഓഫ് ദ സോയിൽഭ (നേപ്പാളി), മനോരഞ്ജൻ ബ്യാപാരിയുടെ ഭഇമാൻഭ (ബെംഗാളി) എന്നിവയാണ് തിരഞ്ഞെടുക്കപ്പെട്ട മറ്റു രചനകൾ. മലയാളം, ബെംഗാളി കൃതികൾ മുൻപും തിരഞ്ഞെടുത്തുണ്ടെങ്കിലും ഹിന്ദി, ഉർദു, നേപ്പാളി കൃതികൾ ആദ്യമായാണ് പരിഗണിക്കപ്പെടുന്നത്. നവംബർ 19 നാണ് വിജയിയെ പ്രഖ്യാപിക്കുക. 25 ലക്ഷം രൂപയാണ് സമ്മാനതുക.





# പ്രണയപ്പകയിൽ അരുംകൊല; ആദ്യം കഴുത്തിന് വെട്ടി, മണിക്കൂറുകൾക്കകം പ്രതി പിടിയിൽ

കണ്ണൂർ: പാനൂർ വള്ള്യായിൽ യുവതിയെ കഴുത്തറുത്ത് കൊലപ്പെടുത്തിയ സംഭവത്തിൽ പ്രതി കസ്റ്റഡിയിൽ. കൂത്തുപറമ്പ് മാനന്തേരി സ്വദേശി ശ്യാംജിത്തിനെയാണ് പോലീസ് പിടികൂടിയത്. യുവതി പ്രണയത്തിൽനിന്ന് പിന്മാറിയതിലുള്ള പകയാണ് കൊലപാതകത്തിന് കാരണമായതെന്നും പ്രതി കുറ്റം സമ്മതിച്ചതായും പോലീസ് പറഞ്ഞു.ശനിയാഴ്ച ഉച്ചയ്ക്ക് 12 മണിയോടെയാണ് കണ്ണച്ചാങ്കണ്ടി വിനോദിന്റെ മകൾ വിഷ്ണുപ്രിയ(23)യെ വീട്ടിനുള്ളിൽ കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തിയത്. കഴുത്തറുത്ത നിലയിൽ കൈകളിലടക്കം മാരകമായി മുറിവേറ്റ നിലയിലായിരുന്നു മൃതദേഹം. സംഭവസമയത്ത് വിഷ്ണുപ്രിയ മാത്രമാണ് വീട്ടിലുണ്ടായിരുന്നത്. ഇതിനിടെ തൊപ്പിയിട്ട് ടീഷർട്ട് ധരിച്ച ഒരാളെ ഇവരുടെ വീടിന് മുന്നിലെ റോഡിൽ കണ്ടതായി ചിലർ മൊഴി നൽകി. തുടർന്ന് പോലീസ് സിസിടിവി ക്യാമറകൾ കേന്ദ്രീകരിച്ച് അന്വേഷണം ആരംഭിച്ചു. കൊല്ലപ്പെട്ട വിഷ്ണുപ്രിയയുടെ മൊബൈൽ ഫോൺ വിവരങ്ങളും ശേഖരിച്ചു. ഈ അന്വേഷണത്തിലാണ് പ്രതിയെക്കുറിച്ചുള്ള വ്യക്തമായ സൂചനകൾ ലഭിച്ചത്. തുടർന്ന് മൊബൈൽ ടവർ ലൊക്കേഷൻ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിൽ പ്രതിയെ പിടികൂടുകയായിരുന്നു. കൂത്തുപറമ്പ് എ.സി.പി. ഓഫീസിൽ എത്തിച്ച് നടത്തിയ ചോദ്യംചെയ്യലിൽ പ്രതി കുറ്റം സമ്മതിച്ചതായാണ് പോലീസ് നൽകുന്നവിവരം. പിടിയിലായ ശ്യാംജിത്തും വിഷ്ണുപ്രിയയും നേരത്തെ അടുപ്പത്തിലായിരുന്നു. അടുത്തിടെ ഇവരുടെ പ്രണയത്തിൽ ഉലച്ചിലുണ്ടാവുകയും വിഷ്ണുപ്രിയ ബന്ധത്തിൽനിന്ന് പിന്മാറുകയും ചെയ്തു. ഇതാണ് പ്രതിയെ പ്രകോപിപ്പിച്ചതെന്നാണ് പോലീസ് പറയുന്നത്. വിഷ്ണുപ്രിയ തനിച്ചാണെന്ന് മനസിലാക്കി കൃത്യമായ ആസൂത്രണത്തോടെയാണ് പ്രതി വീട്ടിലെത്തിയത്. ബാഗിൽ ആയുധവും കരുതിയിരുന്നു. തുടർന്ന് വീടിനകത്ത് കയറി വിഷ്ണുപ്രിയയുടെ കഴുത്തിനാണ് ആദ്യം വെട്ടിയത്. അക്രമം തടയാൻ ശ്രമിക്കുന്നതിനിടെ യുവതിയുടെ കൈകകളിലും വെട്ടേറ്റു. പിന്നാലെ വീണ്ടും കഴുത്തിൽ വെട്ടി പ്രതി മരണം ഉറപ്പിക്കുകയായിരുന്നു. പാനൂരിലെ സ്വകാര്യ മെഡിക്കൽ ലാബിലെ ജീവനക്കാരിയാണ് വിഷ്ണുപ്രിയ. നാലുദിവസം മുമ്പാണ് വിഷ്ണുപ്രിയയുടെ മുത്തശ്ശി മരിച്ചത്. ഇതിനെത്തുടർന്ന് കുറച്ചുദിവസങ്ങളായി ഇവർ അവധിയിലായിരുന്നു. സംഭവസമയം വിഷ്ണുപ്രിയയുടെ വീട്ടിലുള്ളവരെല്ലാം സമീപത്തെ തറവാട്ടുവീട്ടിലായിരുന്നു.


Minutes of the Search-cum-Selection Committee constituted by the Chancellor vide Notification No. GS3-112/2017, dated 24/08/2017, which met at 11 AM on 20/11/2017 for the selection of the Vice Chancellor for Kannur University.

The Search-cum-Selection Committee considered the applications and nominations received, in the light of Kannur University Act, 1996 and the University Grants Commission [UGC] Regulations and decided to recommend the following candidate for the post of Vice Chancellor, Kannur University.

Dr. Gopinath Ravindran

Dr. K.M. Abraham IAS, Chief Secretary, Kerala [Nominee of the Chancellor]

Prof. P. Balaram, UGC Nominee.

Dr. P.M. Rajan Gurukkal, Nominee of the University as proposed by the Syndicate.

ISSUED UNDER RTI ACT, 2005

KERALA GOVERNOR'S HOUSEHOLD KERALA RAJ BHAVAN






# കണ്ണൂർ വിസി ഗോപിനാഥ് രവീന്ദ്രന്റെ ആദ്യ നിയമനവും ചട്ടം പാലിക്കാതെ,ഒറ്റ പേര് അടിസ്ഥാനമാക്കിയെന്ന് രേഖകൾ

**തിരുവനന്തപുരം:**കണ്ണൂർ വിസി ഗോപിനാഥ് രവീന്ദ്രന്റെ ആദ്യ നിയമനവും ചട്ടം പാലിക്കാതെയെന്ന് രേഖകൾ.2017 ലെ ആദ്യ നിയമനവും ഒറ്റ പേര് അടിസ്ഥാനമാക്കിയായിരുന്നു യുജിസി മാനദണ്ഡം അനുസരിച്ചുള്ള പാനൽ ഇല്ല. 2017 ലെ കണ്ണൂർ വിസി നിയമനത്തിലെ മിനുട്സ് പുറത്തു വന്നു..യുജിസി ചട്ടം പാലിക്കാതെയുള്ള സാങ്കേതിക സർവ്വകലാശാല വിസിയുടെ നിയമനം കഴിഞ്ഞ ദിവസം സുപ്രീംകോടതി റദ്ദാക്കിയിരുന്നു. അതിനിടെ വിസിമാരെ നിയമിക്കാനുള്ള അധികാരം ചാൻസ്ലർക്ക് തന്നെയാണെന്ന സുപ്രീം കോടതി വിധി സർക്കാറിനെ ഓർമ്മിപ്പിക്കാൻ പരസ്യമായി വായിച്ച് ഗവർണ്ണർ. കെടിയു വിസി നിയമനം റദ്ദാക്കിയ കോടതി വിധി ബാക്കിയുള്ള അഞ്ച് വിസിമാർക്കെതിരെയും ഗവർണ്ണർ ആയുധമാക്കുമോ എന്ന ആശങ്കയിലാണ് സർക്കാർ. കെടിയു വിധിക്കെതിരെ പുന:പ്പരിശോധനാ ഹർജി നൽകുന്നതിന്റെ സാധ്യത തേടുകയാണ് സർക്കാർ. ഗവർണ്ണർക്ക് പിടിവള്ളിയാകുന്ന രണ്ട് വിധികളാണ് കഴിഞ്ഞ ദിവസങ്ങളിൽ സുപ്രീം കോടതിയിൽ നിന്നുണ്ടായത്. ഒന്ന് കൊൽക്കത്ത വിസി നിയമനത്തിൽ ചാൻസ്ലറാണ് നിയമനാധികാരിയെന്ന വിധി. രണ്ട് കെടിയു വിസി നിയമനം റദ്ദാക്കിയ വിധി. യുജിസി മാനദണ്ഡം ലംഘിച്ചു സംസ്ഥാനത്തെ സർവ്വകലാശാലാ നിയമനങ്ങളിൽ സ്വജനപക്ഷപാതം നടക്കുന്നുവെന്നാണ് ഗവർണ്ണറുടെ പ്രധാന പരാതി. സുപ്രീം കോടതി വിധി രാജ്ഭവൻ ആയുധമാക്കിയാൽ നിലവിലെ അഞ്ച് വിസിമാർ തെറിക്കും. യുജിസി മാനദണ്ഡം അനുസരിച്ചുള്ള പാനൽ നൽകാതെ ഒറ്റ പേരിൽ നടന്ന കേരള, എംജി, കണ്ണൂർ,ഫിഷറീസ്, സംസ്കൃത സർവ്വകലാശാല വിസിമാരാണിപ്പോൾ തുലാസിൽ. കണ്ണൂർ വിസിയായി ഗോപിനാഥ് രവീന്ദ്രനെ ആദ്യമായി 2017 ൽ നിയമിച്ചതും മാനദണ്ഡം പാലിക്കാതെ. ഗവർണ്ണർക്ക് സെർച്ച് കമ്മിറ്റി നൽകിയത് ഗോപിനാഥ് രവീന്ദ്രനറെ പേര് മാത്രമാണെന്ന മിനുട്സ് പുറത്തുവന്നു. ഗോപിനാഥ് രവീന്ദ്രൻ അടക്കമുള്ള വിസിമാരുടെ നിയമനം റദ്ദാക്കണമെന്നാവശ്യപ്പെട്ട് സേവ് യൂണിവേഴ്സിറ്റി ക്യാമ്പയിൻ കമ്മിറ്റി ഗവർണ്ണർക്ക് പരാതി നൽകി. പ്രതിസന്ധി മറികടക്കാൻ സർക്കാർ ആലോചന തുടങ്ങിയിട്ടുണ്ട്.



## എം ഡി എം എയുമായി പിടിയിലായ യുവാക്കളുടെ കൈവശം 250 ലേറെ വിദ്യാർത്ഥികളുടെ പേരുകൾ, അൻപത് പേർ സ്ഥിരം ഉപഭോക്താക്കൾ; ലഹരിമരുന്ന് കടമായി വാങ്ങിയവരിൽ പെൺകുട്ടികളും

**തൃശൂർ**: കൈപ്പമംഗലത്ത് എം ഡി എം എയുമായി പിടിയിലായ യുവാക്കളുടെ കൈയിൽ നിന്ന് 250 ലേറെ വിദ്യാർത്ഥികളുടെ പേരുവിവരങ്ങളടങ്ങിയ ലിസ്റ്റ് കണ്ടെടുത്തു.

ഇതിൽ അൻപത് വിദ്യാർത്ഥികൾ സ്ഥിരം ഉപഭോക്താക്കളാണെന്നാണ് പുറത്തുവരുന്ന റിപ്പോർട്ടുകൾ.

പതിനേഴിനും ഇരുപത്തിയഞ്ചിനും ഇടയിൽ പ്രായമുള്ള വിദ്യാർത്ഥികളുടെ വിവരങ്ങളാണ് പ്രതികളുടെ കൈവശമുണ്ടായിരുന്ന പട്ടികയിലുള്ളത്. ഇതിൽ പെൺകുട്ടികളുമുണ്ട്. കടമായി ലഹരിമരുന്ന് വാങ്ങിയവരുടെ ലിസ്റ്റാണിതെന്ന് പ്രതികൾ പൊലീസിനോട് പറഞ്ഞു.

ഇന്നലെ രാത്രിയാണ് 5.2 ഗ്രാം എം ഡി എം എയുമായി ചെന്ത്രാപിനി സ്വദേശി ജിനേഷ്, കൈപ്പമംഗലം സ്വദേശി വിഷ്ണു എന്നിവർ എക്സൈസിന്റെ പിടിയിലായത്. പ്രതികൾ ബംഗളൂരുവിൽ നിന്നാണ് മയക്കുമരുന്ന് കൊണ്ടുവന്നതെന്നാണ് പ്രാഥമിക നിഗമനം. കൂടുതൽ കാര്യങ്ങൾ അന്വേഷണത്തിൽ മാത്രമേ വ്യക്തമാകുകയുള്ളൂ. ലിസ്റ്റിൽ ഉള്ള കുട്ടികളെ കണ്ടെത്തി, കൗൺസലിംഗ് അടക്കം നൽകുമെന്ന് എക്സൈസ് ഉദ്യോഗസ്ഥർ അറിയിച്ചു.



## ശാസ്ത്രമേളയ്ക്കിടെ ഇരുമ്പ്പന്തൽ തകർന്നുവീണ സംഭവം; ആറ് പേർ അറസ്റ്റിൽ, കേസെടുത്തത് ജുവനൈൽ നിയമം ഉൾപ്പെടുത്തി

**കാസർകോട്**: സ്കൂൾ ഉപജില്ലാ ശാസ്ത്രമേളയ്ക്കിടെ ഇരുമ്പ് പന്തൽ തകർന്നുവീണ സംഭവത്തിൽ ആറ് പേർ അറസ്റ്റിൽ.

പന്തൽ കറാറുകാരൻ ഗോകുൽ ദാസ്, അഹമ്മദലി എ പി, അബ്ദുൾ ബഷീർ, അബ്ദുൾ ഷാമിൽ, ഇല്യാസ് മുഹമ്മദ്, അഷ്റഫ് എന്നിവരാണ് പിടിയിലായത്. ജുവനൈൽ നിയമം ഉൾപ്പെടുത്തിയാണ് പ്രതികൾക്കെതിരെ കേസെടുത്തിരിക്കുന്നത്.

മഞ്ചേശ്വരം ഉപജില്ലയിലെ ബേക്കൂർ ഗവ. ഹയർ സെക്കൻഡറി സ്കൂൾ മൈതാനത്ത് ഇന്നലെ ഉച്ചയ്ക്ക് രണ്ടരയോടെയാണ് പന്തൽ തകർന്നുവീണത്. ഈ സമയം പന്തലിനുള്ളിൽ 300 ഓളം കുട്ടികൾ ഉണ്ടായിരുന്നു. പന്തലിൽ കുടുങ്ങിപ്പോയ വിദ്യാർത്ഥികളെ അദ്ധ്യാപകരും രക്ഷിതാക്കളും നാട്ടുകാരും ചേർന്നാണ് പുറത്തെത്തിച്ചത്.

അപകടത്തിൽ വിദ്യാർത്ഥികളും അദ്ധ്യാപകരും ഉൾപ്പടെ 59 പേർക്ക് പരിക്കേറ്റു. 11 പേർ മംഗളൂരു ദേരളക്കട്ട കെ. എസ് ഹെഗ്ഡെ ആശുപത്രിയിലും മൂന്ന് പേർ ഫാദർ മുള്ളേർസിലും ഏഴ് പേർ ജനറൽ ആശുപത്രിയിലും ചികിത്സയിലാണ്. മറ്റുള്ളവർക്ക് മംഗൽപ്പാടി പി. എച്ച്. സിയിൽ പ്രഥമ ശുശ്രൂഷ നൽകി. ആരുടെയും പരിക്ക് ഗുരുതരമല്ലെന്ന് ഡി.എം.ഒ ഡോ.ഏ.വി. രാംദാസ് അറിയിച്ചു.

## കൊഴിഞ്ഞാമ്പാറയിൽ ഗടഞഠഇ ഡ്രൈവറെ മർദ്ദിച്ച സംഭവം; യുവാക്കൾ പ്രദേശവാസികളാണെന്ന് പൊലീസ്; പ്രതികൾ ഒളിവിൽ

**പാലക്കാട്**: പാലക്കാട് കൊഴിഞ്ഞാമ്പാറയിൽ കെഎസ്ആർടിസി ഡ്രൈവറെ മർദ്ദിച്ച സംഭവത്തിൽ പ്രതികളെ തിരിച്ചറിഞ്ഞതായി പൊലീസ്. പ്രദേശവാസികൾ തന്നെയാണ് പ്രതികളെന്ന് പൊലീസ് പറഞ്ഞു. കെഎസ്ആർടിസി ചിറ്റൂർ ഡിപ്പോയിലെ ഡ്രൈവർ രാധാകൃഷ്ണനാണ് മർദ്ദനമേറ്റത്. ബസിന് കുറുകെ ബൈക്ക് നിർത്തി 2 യുവാക്കൾ മർദ്ദിക്കുകയായിരുന്നു. വൈകീട്ട് 7നാണ് സംഭവം. ഡ്രൈവർ രാധാകൃഷ്ണൻ കൊഴിഞ്ഞാമ്പാറ പൊലീസിൽ പരാതി നൽകിയിരുന്നു.

മർദ്ദിച്ചവരെ ആദ്യമായി കാണുകയാണെന്ന് ഇയാൾ പറയുന്നു.

എന്തിനാണ് മർദ്ദിച്ചത് എന്നറിയില്ലെന്നും രാധാകൃഷ്ണൻ വ്യക്തമാക്കി. പൊള്ളാച്ചിയിലേക്ക് പോകുകയായിരുന്ന ബസിന്റെ ഡ്രൈവറായിരുന്നു രാധാകൃഷ്ണൻ. കൊഴിഞ്ഞാമ്പാറ ബസ് സ്റ്റാൻഡിലേക്ക് ബസ് കയറുന്നതിന് മുമ്പാണ് സംഭവം. ഇവർ സഞ്ചരിച്ച ബൈക്കിന്റെ വിവരങ്ങളും പൊലീസിന് ലഭിച്ചിട്ടുണ്ട്. ഈ യുവാക്കളെ മുൻപരിചയമില്ലെന്ന് രാധാകൃഷ്ണൻ പൊലീസിന് മൊഴി നൽകിയിട്ടുണ്ട്. കേസായതോട് കൂടി യുവാക്കൾ ഒളിവിലാണ്.




## മയക്കുമരുന്ന് കേസിന് ടാർജറ്റ്, എണ്ണം തികക്കാൻ കള്ളക്കേസുകൾ; സമ്മർദ്ദം താങ്ങാനാകുന്നില്ലെന്ന് പോലീസ്

**തിരുവനന്തപുരം:** ഐ.പി.എസുകാരുടെ സമ്മർദ്ദം താങ്ങാൻ സാധിക്കുന്നില്ലെന്ന് പോലീസുകാരുടെ വാട്സാപ്പ് സന്ദേശം. ക്രൂരകൃത്യങ്ങൾക്ക് പ്രേരിപ്പിക്കുന്നത് ഐ.പി.എസുകാരാണെന്നും ജില്ലാ പോലീസ് മേധാവിമാരുടെ സമ്മർദ്ദം താങ്ങാൻ കഴിയുന്നില്ലെന്നും വാട്സാപ്പ് പോസ്റ്റിൽ പറയുന്നു. മയക്കുമരുന്ന് കേസിൽ എണ്ണം തികയ്ക്കാൻ വേണ്ടി കള്ളക്കേസെടുക്കേണ്ടി വരുന്നുവെന്നും വാട്സാപ്പ് സന്ദേശത്തിൽ പറയുന്നു.

കിളികൊല്ലൂർ സംഭവത്തിന് ശേഷം പോലീസ് സമൂഹത്തിൽ നിന്ന് വൻ തോതിൽ വിമർശനങ്ങളാണ് നേരിടുന്നത്. ഈ സാഹചര്യത്തിലാണ് പോലീസുകാരുടെ വാട്സാപ്പ് ഗ്രൂപ്പിൽ സ്വയം വിമർശനാത്മകമായ പോസ്റ്റ് പ്രത്യക്ഷപ്പെടുന്നത്. പോസ്റ്റിന് വലിയ തോതിൽ പ്രചാരമാണ് ലഭിക്കുന്നത

'പൊതുജനങ്ങളെ മർദ്ദിക്കുന്നതിന് പിന്നിൽ മാനസിക സമ്മർദ്ദമാണ്. ഇതിന് കാരണം ജില്ലാ പോലീസ് മേധാവിമാർ അടക്കമുള്ള ഐ.പി.എസ്. ഉദ്യോഗസ്ഥർ നൽകുന്ന പീഡനമാണ്. നിലവിൽ ലഹരിക്കെതിരെ ക്യാമ്പയിൻ നടക്കുന്നുണ്ട്. ഈ ഘട്ടത്തിൽ എസ്.എച്ച്.ഒമാർ അടക്കമുള്ളവർക്ക് മേൽ വൻ സമ്മർദ്ദമാണുള്ളത്. ജില്ലാ പോലീസ് മേധാവിമാർ രണ്ട് എൻ.ഡി.പി.എസ്. കേസെങ്കിലും രജിസ്റ്റർ ചെയ്യണം എന്നാണ് നിർദ്ദേശം. ഇതുകൂടാതെ മറ്റു കേസുകളും രജിസ്റ്റർ ചെയ്യണം. ഇതിന്റെ സമ്മർദ്ദം താങ്ങാൻ സാധിക്കുന്നില്ല. പലപ്പോഴും എണ്ണം തികയ്ക്കാൻ കള്ളക്കേസെടുക്കേണ്ടി വരുന്നു. സിഗരറ്റ് വലിച്ചവരെ പിടിച്ച് കഞ്ചാവ് വലിച്ചു എന്നുള്ള കേസ് രജിസ്റ്റർ ചെയ്ത് കേസിന്റെ എണ്ണം തികച്ച് ജാമ്യത്തിൽ വിടേണ്ട സാഹചര്യമാണ് നിലവിൽ.

എസ്.പിമാരുടേയും ഐ.പി.എസ്. ഉദ്യോഗസ്ഥരുടേയും ഇടയിൽ ആരാണ് കേമൻ എന്നുള്ള കിടമത്സരമാണ്. അതിന് വേണ്ടി കൂടുതൽ കേസുകൾ തങ്ങളുടെ പരിധിക്കുള്ളിൽ ഉണ്ടാക്കാൻ എസ്.എച്ച്.ഒമാർക്കും ഡി.വൈ.എസ്.പിമാർക്കും മുകളിൽ സമ്മർദ്ദമുണ്ട്. അത് സഹിക്കാതെ വരുമ്പോൾ മറ്റൊരു രീതിയിൽ ജനങ്ങളുടെ മേൽ കുതിര കയറേണ്ട അവസ്ഥയിലേക്ക് തങ്ങളെ എത്തിക്കുന്നു. ദിവസവും ചേരുന്ന യോഗത്തിൽ പങ്കെടുക്കാൻ തന്നെ എസ്.എച്ച്.ഒമാർക്ക് വിമുഖതയാണ്. തലേ ദിവസം എത്ര കേസെടുത്തു? ഇന്ന് എത്ര കേസെടുക്കാൻ ഉദ്ദേശിക്കുന്നു എന്നുള്ള ചോദ്യമാണ് യോഗത്തിൽ. ലീവ് ചോദിക്കുമ്പോൾ എത്ര എൻ.ഡി.പി.എസ്. കേസെടുത്തു എന്നാണ് എസ്.പി. ചോദിക്കുക' വാട്സാപ്പ് സന്ദേശത്തിൽ പറയുന്നു.

ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ സമ്മർദ്ദം താങ്ങാൻ കഴിയാത്ത മാനസികാവസ്ഥയിൽ എത്തിയെന്നും അതിന്റെ ഫലമായിട്ടാണ് ജനങ്ങൾക്കുമേൽ ക്രൂരകൃത്യങ്ങൾ ചെയ്യേണ്ടി വരുന്നതെന്നും പറയുകയാണ് പോസ്റ്റിൽ കൂടി പോലീസ് ഉദ്യോഗസ്ഥർ.



## അയാളുടെ ഭാഗത്തുള്ള പെശകാണ്, പാർട്ടിയെക്കുറിച്ച്ഇപ്പോഴും വലിയ വിവരമൊന്നുമില്ലാത്തതുകൊണ്ടാണ്'; കൂടുതൽ പറഞ്ഞാൽ രാജേന്ദ്രൻ പ്രതിയാകുമെന്ന് എം എം മണി

ഇടുക്കി: മുൻ എം എൽ എ എസ് രാജേന്ദ്രന്റെ ആരോപണങ്ങളോട് പ്രതികരിക്കാനില്ലെന്ന് മുൻ മന്ത്രിയും എം എൽ എയുമായ എം എം മണി.

പാർട്ടിയുടെ നിലപാടിനനുസരിച്ച് പ്രവർത്തിക്കാത്തതുകൊണ്ട് അയാളെ ഒഴിവാക്കി. സസ്പെൻഡ് ചെയ്തതേയുള്ളൂ. മെമ്ബർഷിപ്പ് അയാൾ പുതുക്കാത്തതാണെന്നും അദ്ദേഹം മാദ്ധ്യമങ്ങളോട് പറഞ്ഞു.

'അയാളുടെ ഭാഗത്തുള്ള പെശകാണ്. അയാൾക്ക് ഈ പാർട്ടിയെക്കുറിച്ച് ഇപ്പോഴും വലിയ വിവരമൊന്നുമില്ലാത്തതുകൊണ്ടാണ്. അയാൾ മെമ്ബർഷിപ്പ് പുതുക്കാത്തതിന് ഞാൻ ഉത്തരവാദിയല്ല. കുടിക്കുന്ന വെള്ളത്തിൽ മോശം കാര്യം ചെയ്യുന്ന പണിയാണ്. കൂടുതൽ പറഞ്ഞാൽ രാജേന്ദ്രൻ കേസിൽ പ്രതിയാകും.'- മണി പറഞ്ഞു.

അതേസമയം, റിസോർട്ട് ഇടപാടുമായി ബന്ധപ്പെട്ടുള്ള ആരോപണങ്ങളോട് മണി പ്രതികരിച്ചില്ല. അബ്കാരിയിൽ നിന്ന് സിപിഎം സഹകരണ ബാങ്ക് റിസോർട്ട് വാങ്ങിയെന്നും, 29 കോടിയുടെ ഇടപാട് എം എം മണിയും ശശിയും ചേർന്നാണ് ഉറപ്പിച്ചതെന്നും എസ് രാജേന്ദ്രൻ ഒരു സ്വകാര്യ ചാനലിനോട് പറഞ്ഞിരുന്നു.

തന്നെ പുറത്താക്കാൻ നേതൃത്വം കൊടുത്തത് എം എം മണിയാണെന്നും തനിക്കെതിരെയുണ്ടായ തെമ്മാടി പ്രയോഗം അതിരുകടന്നുവെന്നും രാജേന്ദ്രൻ പറഞ്ഞിരുന്നു. ജാതിപ്പേര് ഉപയോഗിച്ച് ഭിന്നിപ്പിക്കാനാണ് മണിയുടെ ശ്രമമെന്നും അദ്ദേഹം ആരോപിച്ചിരുന്നു.



## ഒന്നാം പിണറായി മന്ത്രിസഭ നടത്തിയ അഴിമതികളെക്കുറിച്ച് സിബിഐ അന്വേഷിക്കണം : രമേശ് ചെന്നിത്തല

**തിരുവനന്തപുരം**:ഒന്നാം പിണറായി മന്ത്രിസഭ നടത്തിയ അഴിമതികളെക്കുറിച്ചും നാണം കെട്ട മറ്റിടപാടുകളെക്കുറിച്ചും കോടതിയുടെ മേൽനോട്ടത്തിലുള്ള സി.ബി.ഐ. അന്വേഷണം ആവശ്യമാണെന്ന് കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. മുഖ്യമന്ത്രിയുടെ ഓഫീസ് കേന്ദ്രീകരിച്ച് നടന്ന വൻ അഴിമതികൾ താൻ പ്രതിപക്ഷനേതാവായിരിക്കെ പുറത്തുകൊണ്ടുവന്നതാണ്.

എന്നാൽ, അന്ന് വേണ്ടെന്നു വെച്ച അഴിമതി നിറഞ്ഞ പദ്ധതികൾ രണ്ടാം പിണറായി സർക്കാർ ഇപ്പോൾ രഹസ്യമായി നടപ്പിലാക്കിത്തുടങ്ങിയിരിക്കുകയാണെന്ന് രമേശ് ചെന്നിത്തല വ്യക്തമാക്കി. ഇതിന്റെയെല്ലാം പിന്നിലെ ബുദ്ധികേന്ദ്രം മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി ശിവശങ്കർ ആണെന്ന് പറഞ്ഞിരുന്നു.

കുറ്റപത്രം സമർപ്പിച്ച കേസിൽ പ്രതിയായ ശിവശങ്കറെ തിടുക്കത്തിൽ തിരിച്ചെടുത്തതിന്റെയും, സംരക്ഷണം നൽകുന്നതിന്റെയും പിന്നിലെ രഹസ്യം ഇപ്പോൾ ജനങ്ങൾക്ക് പൂർണ്ണമായും ബോധ്യമായി.


ഇത്രയും ആയിട്ടും കേന്ദ്ര ഏജൻസികൾ അന്വേഷിക്കുന്ന കേസ് എവിടെയും എത്താത്തതിനു പിന്നിൽ ബി.ജെ.പി.- സി. പി. ഐ.എം. ബന്ധമാണെന്ന് വ്യക്തമാവുകയാണ്. അതുകൊണ്ട് ഈ വെളിപ്പെടുത്തലുകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ കോടതിയുടെ മേൽനോട്ടത്തിൽ സി.ബി.ഐ. അന്വേഷിക്കുകയാണ് വേണ്ടതെന്ന് രമേശ് ചെന്നിത്തല പറഞ്ഞു.



## അരുണാചലിൽ കൊല്ലപ്പെട്ട മലയാളി സൈനികൻ അശ്വിന്റെ മൃതദേഹം നാട്ടിലെത്തിക്കും

**ഡൽഹി :** അരുണാചൽപ്രദേശിലെ ഹെലികോപ്റ്റർ അപകടത്തിൽ മരിച്ച മലയാളി സൈനീകൻ കെ.വി അശ്വിന്റെ മൃതദേഹം നാളെ നാട്ടിലെത്തിക്കും. അസമിലെ ഡിഞ്ചാൻ സൈനിക ആശുപത്രി മോർച്ചറിയിലാണ് ഇപ്പോൾ മൃതദേഹം സൂക്ഷിച്ചിരിക്കുന്നത്. ഇന്ന് വിമാന മാർഗം കേരളത്തിലേക്ക് എത്തിക്കുംമാതാപിതാക്കളും രണ്ട് സഹോദരിമാരുമടങ്ങുന്ന കുടുംബത്തിന്റെ ഏക അത്താണിയായിരുന്നു ഇരുപത്തിനാലുകാരനായ അശ്വിൻ.പത്തൊമ്പതാം വയസിൽ ബിരുദ പഠനത്തിനിടയിൽ ഇലക്ട്രോണിക്ക് ആൻഡ് മെക്കാനിക്കൽ വിഭാഗം എൻജിനീയറായാണ് അശ്വിൻ സൈന്യത്തിൽ പ്രവേശിച്ചത്.

ഓണം ആഘോഷിക്കാനായി നാട്ടിലെത്തിയ അശ്വിൻ ഒരു മാസം മുൻപാണ് തിരികെ പോയത്. നാട്ടിലെത്തുമ്പോഴെല്ലാം പൊതുരംഗത്തും കായിക രംഗത്തും സജീവമായിരുന്നു. ചെറുവത്തൂർ കിഴേക്കമുറിയിലെ കാട്ടുവളപ്പിൽ അശോകന്റെ മകൻ കെവി അശ്വിൻ സൈനിക ഹെലികോപ്റ്റർ അപകടത്തിൽ മരിച്ച വിവരം വെള്ളിയാഴ്ച വൈകുന്നേരമാണ് അധികൃതർ ബന്ധുക്കളെ അറിയിച്ചത്.


Orders issued-
Read: Nil.
Order No E3/244/2022-TC Dated. 18-10-202
The following officers are hereby given an additional ch
squad or separate squads with statewide jurisdiction.
1. Sri. Tojo M Thomas, Asst Transport Commissioner, T
2. Sri. G.Ananda Krishnan, Regional Transport Officer,
3. Sri. Appu P M, Motor Vehicles Inspector, RTO E
Malappuram





# എല്ലാ ടൂറിസ്റ്റ് ബസുകളും ഉടനടി നിറം മാറ്റണം, ; ഉത്തരവ് പുതുക്കിയിറക്കി മോട്ടോർ വാഹന വകുപ്പ്

**തിരുവനന്തപുരം:** ടൂറിസ്റ്റ് ബസുകളിൽ ഏകീകൃത കളർകോഡ് നടപ്പാക്കുന്നതിൽ ഇളവ് നൽകിയ ഉത്തരവ് തിരുത്തി മോട്ടോർ വാഹന വകുപ്പ്. എല്ലാ ടൂറിസ്റ്റ് ബസുകളും കളർകോഡ് പാലിക്കണമെന്ന് പുതിയ ഉത്തരവിറക്കി. പഴയ വാഹനങ്ങൾ അടുത്ത തവണ ഫിറ്റ്നസ് പുതുക്കാൻ വരുമ്പോൾ മുതൽ നിറം മാറ്റിയാൽ മതിയെന്ന ഉത്തരവാണ് തിരുത്തിയത്. വടക്കഞ്ചേരി അപകടത്തിന്റെ പശ്ചാത്തലത്തിലാണ് മോട്ടോർ വാഹന വകുപ്പ് കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾക്ക് ഏകീകൃത നിറം നിർബന്ധമാക്കിയത്. 2022 ജൂണിന് ശേഷം രജിസ്റ്റർ ചെയ്ത, ചെയ്യുന്ന വാഹനങ്ങൾക്കും ഫിറ്റ്നസ് പരിശോധനയ്ക്ക് എത്തുന്ന വാഹനങ്ങൾക്കും വെള്ള നിറം അടിക്കണമെന്നതായിരുന്നു നിർദേശം. അതേസമയം നിലവിൽ ഫിറ്റ്നസ് ഉള്ള വാഹനങ്ങൾക്ക്, അടുത്ത തവണ ഫിറ്റ്നസ് പരിശോധനയ്ക്ക് എത്തുന്നത് വരെ നിറം മാറ്റാതെ ഓടാം. ഈ ഉത്തരവ് ഹൈക്കോടതിയിൽ ചോദ്യം ചെയ്യപ്പെടുമെന്ന് കണ്ടാണ് ഇപ്പോൾ ഉത്തരവ് തിരുത്തി ഇറക്കിയിരിക്കുന്നത്. പുതിയ ഉത്തരവനുസരിച്ച് എല്ലാ കോൺട്രാക്ട് കാര്യേജ് വാഹനങ്ങളും വെള്ളക്കളറിലേക്ക് മാറണം, നിറം മാറ്റാതെ നിരത്തിൽ ഇറങ്ങിയാൽ പിഴ ചുമത്തും. ഫിറ്റ്നസ് റദ്ദാക്കും. ഉത്തരവിനെതിരെ കോൺട്രാക്ട് കാര്യേജ് ഉടമകളുടെ സംഘടന രംഗത്തെത്തിയിട്ടുണ്ട്. എംവിഡിയുടെ ഉത്തരവുകൾ ആശയക്കുഴപ്പം ഉണ്ടാക്കുന്നുവെന്നാണ് പരാതി. നിറം മാറ്റാൻ തയ്യാറാണെന്നും ഇതിന് സമയം അനുവദിക്കണമെന്നും കോൺട്രാക്ട് കാര്യേജ് ഉടമകൾ ഗതാഗത മന്ത്രിയെ കണ്ട് ആവശ്യപ്പെട്ടിരുന്നെങ്കിലും ഫലമുണ്ടായില്ല. ഈ ആവശ്യം ഉന്നയിച്ച്, ഹൈക്കോടതിയിലെ കേസിൽ സംഘടന കക്ഷി ചേർന്നെങ്കിലും അവിടെ നിന്നും അനുകൂല തീരുമാനമുണ്ടായില്ല. ഇതിനിടെ കെഎസ്ആർടിസി ബസുകളിൽ നിന്ന് പരസ്യം നീക്കം ചെയ്യണമെന്ന ഹൈക്കോടതി ഉത്തരവിൽ സത്യവാങ്മൂലം സമർപ്പിക്കാൻ കെഎസ്ആർടിസി സമയം തേടിയിട്ടുണ്ട്. ബസുകളെ പരസ്യം കൊണ്ട് മൂടാനാകില്ല എന്നായിരുന്നു ഡിവിഷൻ ബെഞ്ചിന്റെ പരാമർശം. എന്നാൽ പിന്നിലും വശങ്ങളിലും പരസ്യം പതിക്കാൻ കെഎസ്ആർടിസിക്ക് നിയമപരമായ അനുമതി ഉണ്ടെന്ന് കേസ് പരിഗണിക്കവേ സർക്കാർ അറിയിച്ചിരുന്നു. അതേസമയം ജംഗിൾ സഫാരി ബസുകളിലെ ഗ്രാഫിക് സ്റ്റിക്കറുകൾ നീക്കം ചെയ്യാൻ നടപടി തുടങ്ങിയെന്ന് കെഎസ്ആർടിസി ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ട്. വടക്കഞ്ചേരി അപകടത്തിന്റെ പശ്ചാത്തലത്തിൽ തുടങ്ങിയ പരിശോധനയിൽ 448 വാഹനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് റദ്ദാക്കിയെന്നാണ് എംവിഡി ഇന്നലെ കോടതിയെ അറിയിച്ചത്. ഒക്ടോബർ 7 മുതൽ 16 വരെ നടത്തിയ പരിശോധനകളുടെ വിശദാംശങ്ങളാണ് മോട്ടോർ വാഹന വകുപ്പ് കോടതിയെ അറിയിച്ചത്. 14 വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സസ്പെൻഡ് ചെയ്തു. ഇക്കാര്യം രേഖപ്പെടുത്തിയ ബെഞ്ച്, ഗതാഗത കമ്മീഷണർ ഈ മാസം 28ന് നേരിട്ട് ഹാജരാകണമെന്ന് നിർദേശിച്ചിട്ടുണ്ട്. നിയമലംഘനങ്ങൾ നടത്തിയ വാഹനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികളും, കോടതി ഉത്തരവുകൾ നടപ്പിലാക്കിയതും ഗതാഗത കമ്മീഷണർ വിശദീകരിക്കണമെന്ന് ജസ്റ്റിസുമാരായ അനിൽ കെ.നരേന്ദ്രനും, പി.ജി.അജിത് കുമാറും അടങ്ങിയ ബെഞ്ച് നിർദേശിച്ചു.





# എംഎൽഎ എൽദോസ് കുന്നപ്പിള്ളിയുടെ ചോദ്യംചെയ്യൽ പുരോഗമിക്കുന്നു

**തിരുവനന്തപുരം** : ബലാത്സംഗ കേസിൽ പ്രതിയായ പെരുമ്പാവൂർ എംഎൽഎ എൽദോസ് കുന്നപ്പിള്ളിയുടെ ചോദ്യംചെയ്യൽ പുരോഗമിക്കുന്നു. എംഎൽഎക്കൊപ്പം പ്രൈവറ്റ് അസിസ്റ്റന്റിനെയും ഡ്രൈവറെയും ക്രൈംബ്രാഞ്ച് ആസ്ഥാനത്തെത്തിച്ച് അന്വേഷണ സംഘം ചോദ്യം ചെയ്യുന്നു പി എ ഡാനി പോൾ, ഡ്രൈവർ അഭിജിത് എന്നിവരെയാണ് ചോദ്യം ചെയ്യുന്നത്. തിരുവനനന്തപുരത്തെ ജില്ലാ ക്രൈം ബ്രാഞ്ച് ഓഫീസിലാണ് നടപടികൾ പുരോഗമിക്കുന്നത്. ഇരുവരുടേയും സാന്നിധ്യത്തിലാണ് കോവളത്ത് വെച്ച് പരാതിക്കാരിയായ യുവതി ആക്രമിക്കപ്പെട്ടതെന്നും ഗസ്റ്റ് ഹൌസുകളിൽ മുറിയെടുത്തപ്പോഴും ഇരുവരുടേയും സാന്നിധ്യമുണ്ടായിരുന്നുവെന്നും ക്രൈംബ്രാഞ്ച് അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ഇരുവരെയും ചോദ്യം ചെയ്യാൻ വിളിച്ചുവരുത്തിയത്. കോവളത്ത് വെച്ച് യുവതി ആക്രമിക്കപ്പെട്ട സമയത്ത് പിഎക്കും പരിക്കേറ്റിരുന്നുവെന്ന് യുവതി മൊഴി നൽകിയിട്ടുണ്ട്. ഇത് ശരിയാണെന്നാണ് അന്വേഷണ സംഘത്തിന്റെ കണ്ടെത്തൽ. എംഎൽഎ തന്നെയാണ് പിഎ ഡാനി പോളിനെയും ആക്രമിച്ചതെന്നാണ് വിവരം. ഇതടക്കം ചോദിച്ചറിയാനാണ് ഇരുവരെയും വിളിച്ചുവരുത്തിയത്. മുൻകൂർ ജാമ്യം ലഭിച്ചതോടെയാണ് എൽദോസ് കുന്നപ്പിള്ളി അന്വേഷണ ഉദ്യോഗസ്ഥന് മുന്നിൽ ഹാജരായത്. കേസിൽ മുൻകൂർ ജാമ്യം ലഭിച്ചുവെങ്കിലും ഇന്നലെ ഒൻപത് മണിക്ക് ജില്ലാ ക്രൈം ബ്രാഞ്ച് ഓഫീസിൽ കീഴടങ്ങണമെന്നായിരുന്നു കോടതി നിർദ്ദേശം. രാവിലെ ഹാജരായ എൽദോസ് ഫോൺ അന്വേഷണ ഉദ്യോഗസ്ഥന് കൈമാറി. പാസ്പോർട്ട് കോടതിയിലും ഹാജരാക്കി.ഇന്നലെ മുതൽ പത്തു ദിവസം രാവിലെ 9 മണി മുതൽ 7 മണിവരെ എംഎൽഎയെ ചോദ്യം ചെയ്യാൻ കോടതി അനുമതി നൽകിയിട്ടുണ്ട്. എൽദോസിൻെറ ചോദ്യം ചെയ്യലിന് ശേഷം അറസ്റ്റ് രേഖപ്പെടുത്തും. ആവശ്യമെങ്കിൽ പീഡിപ്പിച്ചുവെന്ന് പരാതിക്കാരി മൊഴി നൽകിയിട്ടുള്ള സ്ഥലങ്ങളിൽ കൊണ്ടുപോയി തെളിവെടുപ്പ് നടത്താനും സാധ്യതയുണ്ട്.





# നായ പിന്നാലെയെത്തി കടിച്ചു, ദേഹമാസകലം പരിക്കേറ്റിട്ടും സാഹസികമായി കീഴ്പ്പെടുത്തി യുവാവ് , സംഭവം കോഴിക്കോട്

കോഴിക്കോട്: പന്തീരാങ്കാവിൽ കടിച്ച നായയെ കീഴ്പ്പെടുത്തി യുവാവ്. നടുവീട്ടിൽ നാസർ ആണ് ദേഹമാസകലം കടിയേറ്റിട്ടും നായയെ സാഹസികമായി കീഴ്പ്പെടുത്തിയത്. നാസറിനെ കടിച്ച വളർത്തു നായയെ ഉടമസ്ഥൻ കൊണ്ട് പോയെങ്കിലും പിന്നീട് ചത്തു. ദേഹത്ത് പലയിടത്തും കടിയേറ്റിട്ടും അതി സാഹസികമായാണ് നായയെ നാസർ കീഴ്പെടുത്തിയത്. ഒടുവിൽ പ്രദേശ വാസികൾ കൂടിയെത്തി നായയുടെ കാല് കെട്ടിയിടുകയായയിരുന്നു. ആളുകൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്ത് കുട്ടികളടക്കമുള്ളവർക്ക് കടിയേൽക്കാൻ സാധ്യതയുണ്ടായിരുന്നതിനാലാണ് നായയെ കീഴ്പ്പെടുത്താൻ ശ്രമിച്ചതെന്നാണ് നാസർ പറയുന്നത്. നാസറിന്റെ വാക്കുകൾ ഇങ്ങനെ.. പന്നിയൂർക്കുളത്തുനിന്ന് പാറക്കുളത്തേക്കുള്ള റോഡിൽ വരുന്ന വഴി, പിന്നാലെ എത്തിയ ഒരു നായ കടിക്കാൻ ആഞ്ഞു. കൈ കൊണ്ട് ആട്ടിയോടിക്കാൻ ശ്രമിക്കുന്നതിനിടെ പട്ടി വിരലിൽ കടിക്കുകയായിരുന്നു. വിരലിൽ കടിച്ചയുടൻ കഴുത്തിന് പിടിച്ച് നായയുടെ കടിയിൽ നിന്ന് വിരൽ വിടുവിച്ചെടുത്തു. ശേഷം നായയെ കീഴ്പ്പെടുത്താൻ ശ്രമിക്കുകയായിരുന്നു. അപ്പോൾ നായക്കൊപ്പം ഞാനും വീഴുകയായിരുന്നു. കടിയേറ്റപ്പോൾ എനിക്ക് വേണമെങ്കിൽ മാറി നിൽക്കുകയോ ഓടി മാറുകയോ ചെയ്യാമായിരുന്നു. എന്നാൽ പ്രദേശത്തുള്ള കുട്ടികളെയെല്ലാം കടിക്കാൻ സാധ്യതയുള്ളതിനാലാണ് നായയെ ഏതു വിധേനയും കീഴ്പ്പെടുത്താൻ ഞാൻ തുനിഞ്ഞത്. നായയെ പിടിച്ചപ്പോഴും അത് ആക്രമണ സ്വഭാവം കാണിച്ച് കുതറുകയായിരുന്നു. ഒടുവിൽ നയയുടെ മേൽ ഞാൻ കിടന്നു. അങ്ങനെയാണ് നാട്ടുകാർ നായയുടെ കാലുകൾ കെട്ടിയിടുന്നത്. തുടർന്നും നായ ആക്രമണം നടത്താൻ ശ്രമിക്കുന്നുണ്ടായിരുന്നു. ഉടമയ്ക്കും എനിക്കും മാത്രമാണ് കടിയേറ്റത്. ഇത്തരത്തിൽ അപകടകാരികളായ വളർത്തുനായകളെ കൂട്ടിന് പുറത്തിറക്കി വളർത്തുന്നത് ശരിയല്ല. പിന്നെ തെരുവ് നായയും വളർത്തുനായയും തമ്മിൽ വ്യത്യാസമില്ലല്ലോ, ഇക്കാര്യത്തിൽ സർക്കാർ ശക്തമായ നടപടി സ്വീകരിക്കണമെന്നും നാസർ പറയുന്നു.



# മരുന്നിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നില്ല; വിജിലൻസിന്റെ 'ഓപ്പറേഷൻ ഗുണവക്ത്' കണ്ടെത്തിയത് നിരവധി ക്രമക്കേടുകൾ

**തിരുവനന്തപുരം:** സംസ്ഥാനത്ത് വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികളിൽ ഡ്രഗ്സ് കൺട്രോൾ വിഭാഗം വീഴ്ച വരുത്തുന്നതായി കണ്ടെത്തി. വിജിലൻസാണ് ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ വീഴ്ച ചൂണ്ടിക്കാണിച്ചത്. ഇക്കാര്യത്തിലെ ക്രമക്കേട് കണ്ടെത്താൻ, വിജിലൻസ്, 'ഓപ്പറേഷൻ ഗുണവക്ത്' എന്ന പേരിൽ മിന്നൽ പരിശോധന നടത്തിയിരുന്നു. ഡ്രഗ്സ് ഇൻസ്പെക്ടർമാർ പ്രതിമാസം 13 സാംപിളുകളെങ്കിലും കുറഞ്ഞത് ശേഖരിച്ച് ലാബുകളിൽ പരിശോധനയ്ക്ക് അയക്കണം എന്നാണ് ചട്ടം. വിവിധ മെഡിക്കൽ സ്റ്റോറുകളിൽ നിന്നായാണ് മരുന്ന് ശേഖരിക്കേണ്ടത്. എന്നാൽ ഇതിനു പകരം ഒരൊറ്റ മെഡിക്കൽ ഷോപ്പിൽ നിന്നുമാത്രം 13 സാംപിളുകൾ ശേഖരിച്ച് പരിശോധന അട്ടിമറിക്കുകയാണ് ചെയ്യുന്നതെന്ന് വിജിലൻസ് കണ്ടെത്തി. ഇത് കൂടാതെ, ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയ മൂന്ന് മരുന്നുകൾ നിർമിച്ച കമ്പനികൾക്കെതിരെ നടപടി എടുക്കുന്നതിൽ ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയതായും വിജിലൻസ് മിന്നൽ പരിശോധനയിൽ കണ്ടെത്തി. വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടിക്ക് ശുപാർശ ചെയ്യുമെന്ന്



# സ്കൂൾ ബാഗിന്റെ ഭാരം കുറയ്ക്കണം; അമിതഭാരം എടുക്കുന്നത് മൂലം കുട്ടികൾ രോഗികളാകുന്നു: മുഖ്യമന്ത്രി

**തിരുവനന്തപുരം:** സ്കൂൾ ബാഗിന്റെ ഭാരം കുറയ്ക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അമിതഭാരം എടുക്കുന്നത് മൂലം രോഗികളാകുന്ന കുട്ടികളുണ്ട്. ചെറിയ കാര്യമായി തോന്നുമെങ്കിലും ഇത് തടയാൻ നടപടി വേണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു

ഭാരം കുറയ്ക്കാൻ സർക്കാർ സ്കൂളുകൾ നടപടിയെടുത്തിട്ടുണ്ട്. ചില സ്കൂളുകൾ അത് നടപ്പാക്കിയിട്ടില്ല. കുട്ടികളുമായി ബന്ധപ്പെട്ട നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണമെന്നും അദ്ദേഹം പറഞ്ഞു.അതിക്രമങ്ങൾക്ക് ഇരയാകുന്ന കുട്ടികൾക്ക് സംരക്ഷണവും പുനരധിവാസവും ഉറപ്പ് വരുത്തണം. കുട്ടികളുടെ അവകാശങ്ങളും സുരക്ഷയും ഉറപ്പു വരുത്തുക. ശാരീരികമായോ മാനസികമായോ കുട്ടികൾ ചൂഷണം ചെയ്യപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തണം. ഉറ്റവരോ ഉടയവരോ കുട്ടികളെ ചൂഷണം ചെയ്താലും നിയമത്തിന് മുന്നിൽ കൊണ്ടു വരണമെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

കാലത്തിന് ഒപ്പം മുന്നേറാൻ കുട്ടികളെ പ്രാപ്തരാക്കുകയാണ് സർക്കാർ ലക്ഷ്യം. കുട്ടികൾക്കായി കാവൽ, കാവൽ പ്ലസ് തുടങ്ങിയ പദ്ധതികൾ നടപ്പാക്കി വരുന്നു




# പോക്സോ കോടതികൾ പൂർണമായും അനുകമ്പാപൂർണമാവണം- ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ

## വിദ്യാനഗർ ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതി ഉദ്ഘാടനം ചെയ്തു

**കാസർഗോഡ്** പോക്സോ കോടതികൾ പൂർണമായും കുട്ടികളോട് അനുകമ്പാ പൂർണമാവണമെന്ന് ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ. വിദ്യാനഗറിലെ സ്പെഷ്യൽ ഫാസ്റ്റ് ട്രാക്ക് കോടതി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അനുകമ്പാ പൂർണവും സ്വീകരണ സന്നദ്ധയും ഉള്ള സംവിധാനത്തിലൂടെ മാത്രമേ അതിക്രമത്തിനിരയാകുന്ന കുട്ടികൾക്ക് നീതി ലഭ്യമാകൂ. ഒരു കോടതി ഉദ്ഘാടനം ചെയ്യപ്പെടുമ്പോൾ നീതി ലഭ്യമാക്കുക എന്ന മൗലികാവകാശത്തെ കൂടുതൽ ശക്തിപ്പെടുത്തുകയാണ് ചെയ്യുന്നത്. പോക്സോ കോടതികൾ മറ്റ് കോടതികളിൽ നിന്നും വ്യത്യസ്തമായി എത്രയും പെട്ടെന്ന് കേസുകൾ തീർപ്പ് കൽപ്പിക്കേണ്ട ഇടമാണ്. രക്ഷിതാവിൽ നിന്ന് ലഭിക്കുന്ന അതേ പരിചരണം ആയിരിക്കണം പോക്സോ കോടതികളിൽ നിന്ന് കുട്ടികൾക്ക് ലഭിക്കേണ്ടത്. കുട്ടികൾക്കെതിരെ ഓരോ തവണയും നടക്കുന്ന അതിക്രമം രാജ്യത്തിനെതിരായ അതിക്രമമാണ്. കുട്ടികൾ അതിക്രമത്തിന് ഇരയാവുമ്പോൾ ജനാധിപത്യത്തിന്റെ അടിസ്ഥാന ശില ഇളകുമെന്നും ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ പറഞ്ഞു. ജില്ലാ ആന്റ് പ്രസിപ്പൽ സെഷൻസ് ജഡ്ജി സി.കൃഷ്ണ കുമാർ അധ്യക്ഷത വഹിച്ചു. എംഎൽഎമാരായ സി.എച്ച്. കുഞ്ഞമ്പു, എ.കെ.എം.അഷ്റഫ്, ഹൊസ്ദുർഗ് ബാർ അസോസിയേഷൻ പ്രസിഡന്റ് അഡ്വ.എൻ.രാജ്മോഹൻ, മധൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ.ഗോപാലകൃഷ്ണ, ജില്ലാ ഗവൺമെന്റ് പ്ലീഡർ അഡ്വ.കെ.ദിനേശ് കുമാർ, കാസർകോട് അഡ്വക്കറ്റ് ക്ലർക്ക്സ് അസോസിയേഷൻ പ്രസിഡന്റ് നാരായണ മണിയാണി എന്നിവർ സംസാരിച്ചു. കാസർകോട് ബാർ അസോസിയേഷൻ പ്രസിഡന്റ് അഡ്വ. എം.നാരായണ ഭട്ട് സ്വാഗതവും കാസർകോട് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കെ.ജി ഉണ്ണികൃഷ്ണൻ നന്ദിയും പറഞ്ഞു.

**ജില്ലയിൽ മൂന്ന് പോക്സോ കോടതികൾ**

വിദ്യാനഗറിലെ ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതി കൂടി ഉദ്ഘാടനം ചെയ്യപ്പെട്ടതോടെ ജില്ലയിൽ മൂന്ന് പോക്സോ കോടതികളായി. വിദ്യാനഗറിലെ കുടുംബകോടതി കെട്ടിടത്തിന്റെ മുകളിലെ നിലയാണ് പുതിയ ഫാസ്റ്റ് ട്രാക്ക് കോടതി. പുതിയ കോടതിയിൽ ജഡ്ജും ജീവനക്കാരും ചുമതലയേറ്റു. പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുന്നതോടെ കോടതി പ്രവർത്തനം ആരംഭിക്കും. സംസ്ഥാനത്ത് അനുവദിച്ച 28 കോടതികളിൽ ഒന്നാണ് വിദ്യാനഗറിലെ പോക്സോ കോടതി. പൂർണമായും ശിശു സൗഹൃദത്തിലൂന്നിയാണ് കോടതി നിർമിച്ചിരിക്കുന്നത്. ശിശുസൗഹൃദ ഇരിപ്പിടങ്ങളും ചുവരുകളിൽ ചിത്രങ്ങളും നിറച്ച് ശിശുസൗഹാർദ്ദ അന്തരീക്ഷമാണ് ഒരുക്കിയിരിക്കുന്നത്. ജഡ്ജിക്കും അതിക്രമത്തിന് ഇരയാകുന്ന കുട്ടിക്കും കോടതിയിലേക്ക് പ്രത്യേക പ്രവേശന സൗകര്യമുണ്ട്.

# നവീകരിച്ച ചിറക്കൽ ചിറ 28ന് മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്യും

കണ്ണൂർ: നവീകരിച്ച ചിറക്കൽ ചിറയുടെ ഉദ്ഘാടനം ഒക്ടോബർ 28ന് വൈകീട്ട് അഞ്ചിന് ജലസേചന വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ നിർവഹിക്കുമെന്ന് കെ വി സുമേഷ് എംഎൽഎ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഏഷ്യയിലെ ഏറ്റവും വലിയ മനുഷ്യനിർമിത ചിറകളിലൊന്നായ ചിറക്കൽ ചിറക്ക് 400 വർഷത്തെ പഴക്കമുണ്ട്. 12.70 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന ചിറ മണ്ണും ചെളിയും നീക്കിയും പടവുകൾ പുനർനിർമ്മിച്ചും സംരക്ഷണ ഭിത്തി കെട്ടിയുമാണ് നവീകരിച്ചത്. ഇതിനായി ജലസേചന വകുപ്പിന്റെ എസ്റ്റിമേറ്റ് പ്രകാരം 2.30 കോടി ഹരിത കേരളം ടാങ്ക്സ് ആൻഡ് പോണ്ട്സ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിരുന്നു. ചെളിയും മാലിന്യങ്ങളും നിറഞ്ഞ 53949 ക്യുബിക് മീറ്റർ മണ്ണ് ചിറയിൽനിന്ന് നീക്കം ചെയ്തിട്ടുണ്ട്. നവീകരണം പൂർത്തിയായതോടെ ചിറയുടെ ജലസംഭരണ ശേഷി 799.93 ലക്ഷം ലിറ്ററിൽ നിന്ന് 1339.42 ലക്ഷം ലിറ്ററായി. ഇതോടെ പ്രദേശത്തെ ഭൂഗർഭജലനിരപ്പ് വർധിച്ചു. നവീകരണത്തോടെ ചിറയുടെ ആഴം 1.6 മീറ്ററിൽനിന്ന് 2.6 മീറ്ററായി. ചിറക്കൽ കോവിലകത്തിന്റെ അധീനതയിലുള്ള ചിറ വ്യവസ്ഥകളോടെ ജലസേചന വകുപ്പിന്റെ നേതൃത്വത്തിലാണ് നവീകരിച്ചത്. ചിറ നവീകരണത്തിന് ചിറക്കൽ രാജകുടുംബം വലിയ പിന്തുണ നൽകിയതായും ഭാവി പ്രവർത്തനങ്ങൾ ചിറക്കൽ കോവിലകവുമായി കൂടിയാലോചിച്ച് തീരുമാനിക്കുമെന്നും എംഎൽഎ അറിയിച്ചു.

മഴക്കാലത്ത് ചുറ്റുപാടുമുള്ള സ്ഥലങ്ങളിൽ നിന്ന് ഒഴുകി വരുന്ന അഴുക്ക് വെള്ളം ചിറയിലേക്ക് പ്രവേശിക്കുന്നത് തടയാൻ സംരക്ഷണ ഭിത്തിയുടെ മുകളിലായി പാരപറ്റ് വാളും നിർമിച്ചിട്ടുണ്ട്. ഇതിന്റെ ഉപരിഭാഗം പ്ലാസ്റ്ററിംഗ് നടത്തി പെയിൻറ് ചെയ്തു. സഞ്ചാരികളെ ആകർഷിക്കാൻ ചിറക്കു ചുറ്റും സൗന്ദര്യവത്കരണമടക്കം ആലോചനയിലുണ്ടെന്ന് എംഎൽഎ പറഞ്ഞു. ഉദ്ഘാടന ചടങ്ങിൽ എംപിമാരായ കെ സുധാകരൻ, ഡോ. വി ശിവദാസൻ, അഡ്വ. പി സന്തോഷ് കുമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പി പി ദിവ്യ തുടങ്ങിയവർ സംബന്ധിക്കും.കണ്ണൂർ പിആർഡി ചേമ്പറിൽ നടന്ന വാർത്താസമ്മേളനത്തിൽ കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് കെസി ജിഷ, ചിറക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് പി ശ്രുതി, മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനിയർ കെ ഗോപകുമാർ, അസി. എക്സിക്യൂട്ടീവ് എൻജിനിയർ പി സുരേഷ് ബാബു എന്നിവരും പങ്കെടുത്തു.

# ഔഷധ സസ്യങ്ങളുടെ കലവറയൊരുക്കാൻ കല്യാശ്ശേരി

കണ്ണൂർ വൈവിധ്യമാർന്ന ഔഷധ സസ്യങ്ങളുടെ കലവറയൊരുക്കാൻ കല്യാശ്ശേരി മണ്ഡലത്തിൽ ഔഷധ ഗ്രാമമൊരുങ്ങുന്നു. കൃഷി വകുപ്പ്, ഔഷധി, കേരള മെഡിസിനൽ പ്ലാന്റ് ബോർഡ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുമായി ചേർന്നാണ് സംസ്ഥാനത്ത് തന്നെ വേറിട്ട പദ്ധതി നടപ്പാക്കുന്നത്. ഔഷധസസ്യങ്ങളുടെ പ്രാധാന്യവും വിപണിയും കണക്കിലെടുത്താണ് പദ്ധതിക്ക് തുടക്കം കുറിക്കുന്നത്. കൃഷിയിലൂടെ തൊഴിൽ എന്നതാണ് ലക്ഷ്യം. കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിൽ 10 ഏക്കറിലും ഏഴോം, കണ്ണപുരം പഞ്ചായത്തുകളിൽ 7.5 ഏക്കറിൽ വീതവുമാണ് ആദ്യഘട്ടം പദ്ധതി നടപ്പാക്കുക. ഇതിനായി കർഷക ഗ്രൂപ്പുകൾ രൂപീകരിച്ച് പഞ്ചായത്തുതലത്തിൽ ശിൽപശാല നടത്തും. ഔഷധസസ്യങ്ങളുടെ കൃഷിയും വിളവെടുപ്പും വിപണനവും ഉറപ്പുവരുത്തും. ഇതിനായി സൊസൈറ്റി രൂപീകരിക്കും.നിലമൊരുക്കാൻ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളെ ഉപയോഗിക്കും. കൃഷിച്ചെലവുകൾക്കായി 25 ഏക്കറിന് 12.5 ലക്ഷം രൂപ, 25000 ഔഷധ തൈകൾ ഉത്പാദിപ്പിക്കുന്നതിന് 3.75 ലക്ഷം രൂപ, സർക്കാർ സ്ഥാപനങ്ങളിൽ ഔഷധ തോട്ടങ്ങൾ ഉണ്ടാക്കാൻ രണ്ടര ഏക്കറിന് 50000 രൂപ എന്നിങ്ങനെ 16.75 ലക്ഷം രൂപയാണ് സർക്കാർ അനുവദിച്ചത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടന്ന ശിൽപശാല എം വിജിൻ എം എൽ എ ഉദ്ഘാടനം ചെയ്തു. മണ്ഡലത്തിലെ എല്ലാ പഞ്ചായത്തിലും പദ്ധതി വ്യാപിപ്പിച്ച് കൂടുതൽ പേർക്ക് തൊഴിൽ നൽകി മാതൃകാ ഔഷധ ഗ്രാമമാക്കി മാറുകയാണ് ലക്ഷ്യമെന്ന് എം എൽ എ പറഞ്ഞു.കല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് പി പി ഷാജിർ അധ്യക്ഷത വഹിച്ചു. കൃഷി ഡെപ്യൂട്ടി ഡയറക്ടർ ഇ കെ അജിമോൾ പദ്ധതി വിശദീകരിച്ചു.

പഞ്ചായത്ത് പ്രസിഡണ്ടുമാരായ പി ഗോവിന്ദൻ (ഏഴോം), കെ രതി (കണ്ണപുരം), ടി സുലജ (കടന്നപ്പള്ളി-പാണപ്പുഴ), കല്യാശ്ശേരി ബ്ലോക്ക് കൃഷി ഡെപ്യൂട്ടി ഡയറക്ടർ കെ രാഖി, പരിയാരം ഗവ. ആയുർവേദ കോളേജ് സൂപ്രണ്ട് ഡോ. ഗോപകുമാർ, ഡോ. സി രാധിക, കൃഷി ഡെപ്യൂട്ടി ഡയറക്ടർ എ സുരേന്ദ്രൻ, കണ്ണപുരം കൃഷി ഓഫീസർ യു പ്രസന്നൻ, ഔഷധി മാനേജിംഗ് ഡയറക്ടർ ഡോ. ടി കെ ഹൃദീക് എന്നിവർ സംസാരിച്ചു. ബ്ലോക്ക് പഞ്ചായത്ത് സ്ഥിരം സമിതി അംഗങ്ങൾ, കൃഷി ഓഫീസർമാർ, കർഷകർ തുടങ്ങിയവരും സംബന്ധിച്ചു.




*അമ്പലപ്പുഴ: കരൂർ മെഡികെയർ ചാരിറ്റബിൾ സൊസൈറ്റി പരുമല സെന്റ് ഗ്രിഗോറിയോസ് മെഡിക്കൽ മിഷന്റെ സഹകരണത്തോടെ നടത്തിയ മെഡിക്കൽ ക്യാമ്പും ആരോഗ്യ ബോധവൽക്കരണ സെമിനാറും പുറക്കാട് ഗ്രാമ പഞ്ചായത്തി പ്രസിഡന്റ് എ.എസ്. സുദർശൻ ഉദ്ഘാടനം ചെയ്തു. മെഡികെയർ പ്രസിഡന്റ് പ്രിയൻ.ജി അധ്യക്ഷനായി. സെന്റ് ഗ്രിഗോറിയസ് മെഡിക്കൽ മിഷൻ ആശുപത്രിയിലെ ഡോക്ടർമാർ ക്യാമ്പിന് നേതൃത്വം നൽകി. യോഗത്തിന് സെക്രട്ടറി വിജിമോൾ സ്വാഗതവും വൈസ് പ്രസിഡന്റ് സുഷമ മോഹൻ ദാസ് നന്ദിയും പറഞ്ഞു. ബ്ലോക്ക് പഞ്ചായത്തംഗം ശ്രീജ സുഭാഷ്, ഗ്രാമപഞ്ചായത്തംഗം ശ്രീദേവി, കെ. ശ്യാമളൻ, ജി. ഓമനക്കുട്ടൻ, എ.ആർ. കണ്ണൻ തുടങ്ങിയവർ സന്നിഹിതരായി*



*അരൂക്കുറ്റി ഗ്രാമപഞ്ചായത്തിന്റെ വാതക ശ്മശാനത്തിൽ സ്ഥാപിച്ച അധിക ഫർണസിന്റെ ഉദ്ഘാടനം ദലീമ ജോജോ എം.എൽ.എ. നിർവഹിക്കുന്നു.*

# കേരള എക്സൈസ് സംസ്ഥാനമൊട്ടാകെ നടത്തിയ നാർക്കോട്ടിക് സ്പെഷ്യൽ ഡ്രൈവിൽ നിരവധി പേരെ മയക്കുമരുന്നുമായി അറസ്റ്റ് ചെയ്തു.

തൃശൂർ : മദ്ധ്യമേഖലാ കമ്മീഷണർ സ്ക്വാഡ് അംഗമായ ഇളജഛ മുജീബ് റഹ്മാന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ കൈപ്പമംഗലത്തു നിന്നും രണ്ടുപേരെ എക്സൈസ് സ്പെഷ്യൽ സ്ക്വാഡ് സർക്കിൾ ഇൻസ്പെക്ടർ ജുനൈദും സംഘവും പിടികൂടി. ചെന്ത്രാപെന്നി സ്വദേശി ഏറെക്കട്ടുപുരയ്ക്കൽ കേരള ബ്രോ എന്ന് വിളിക്കുന്ന ജിനേഷ് (31 വയസ് ), കൈപ്പമംഗലം സ്വദേശി വിഷ്ണു (25 വയസ്) എന്നിവരെയാണ് 15.2 ഗ്രാം ങഉങഅയുമായി പിടികൂടിയത്. പൊലീസിനെയും എക്സൈസിനെയും കബളിപ്പിച്ചു മയക്കുമരുന്ന് വില്പന നടത്തിയിരുന്ന പ്രതികളെ വളരെ സാഹസികമായാണ് പിടികൂടിയത്. ഇതിനിടയിൽ ഒരു ഉദ്യോഗസ്ഥന് പരിക്ക് പറ്റുകയും ചെയ്തിട്ടുണ്ട്.

തീരദേശ മത്സ്യബന്ധന തൊഴിലാളികൾക്കും വിദ്യാർത്ഥികൾക്കും വൻതോതിൽ മയക്കുമരുന്ന് കച്ചവടം നടത്തുന്നവരാണ് ഇവർ. ഇവരെ ചോദ്യം ചെയ്തു ഇവരുടെ ഇരകളായ കുട്ടികളുടെ രക്ഷിതാക്കളെ വിളിച്ചു വരുത്തി ഡി അഡിക്ഷൻ സെന്ററിന്റെ സഹായവും ലഭ്യമാക്കിയിട്ടുണ്ട്.

ഇവരുടെ സാമ്പത്തിക സ്രോതസിനെക്കുറിച്ചും മയക്കു മരുന്ന് സപ്ലൈ ചെയ്യുന്ന ആളുകളെക്കുറിച്ചും അന്വേഷിച്ചു വരുന്നു. പ്രതികളെ പിടികൂടിയ സംഘത്തിൽ കമ്മീഷണർ സ്ക്വാഡ് അംഗം മുജീബ് റഹ്മാൻ, സ്പെഷ്യൽ സ്ക്വാഡ് ഓഫീസിലെ ജഛ മാരായ മനോജ് കുമാർ, ജയൻ സുനിൽ ദാസ്, ഹാരിഷ്, ഷനോജ്, ണഇളജഛ നൂർജ ഡ്രൈവർ മനോജ്. ടി.പി എന്നിവർ ഉണ്ടായിരുന്നു.

മഞ്ചേശ്വരം എക്സൈസ് ചെക്ക്പോസ്റ്റിൽ സർക്കിൾ ഇൻസ്പെക്ടർ ഷിജിൽ കുമാറും പാർട്ടിയും ചേർന്ന് കാസർഗോഡ് സ്വദേശി മുഹമ്മദ് ആഷിഖ് എന്നയാളെ മയക്കുമരുന്നുമായി പിടികൂടി. ഇയാളിൽ നിന്നും 54 ഗ്രാം ങഉങഅ കണ്ടെടുത്തു. പരിശോധനയിൽ ജ്ളക പ്രമോദ്, അജ്ളക ജോസഫ്, ജഛമാരായ ജയരാജൻ, പീതാംബരൻ, ഇളജഛ മഹേഷ് എന്നിവർ പങ്കെടുത്തു.

ഏറ്റുമാനൂർ എക്സൈസ് റേഞ്ച് ഇൻസ്പെക്ടർ സജിത്ത് ടിയുടെ നേതൃത്വത്തിൽ നടത്തിയ പട്രോളിങ്ങിൽ കോട്ടയം ആർപ്പുക്കര സ്വദേശികളായ റൊണാൾഡോ ഫിലിപ്പ് (20 വയസ്സ് ), അജിത്ത് (23 വയസ്സ്) എന്നിവരെ കഞ്ചാവുമായി പിടികൂടി കേസ് എടുത്തു. 1.23 കിലോ ഗ്രാം കഞ്ചാവാണ് ഇവരിൽ നിന്ന് പിടികൂടിയത്. ഇവരെക്കൂടാതെ സംഘത്തിൽ ഉണ്ടായിരുന്ന ജിത്തു ജിനു ജോർജ്ജ് (19 വയസ്) എന്ന് പേരുള്ള യുവാവ് ഓടി രക്ഷപെട്ടതിനാൽ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇയാളെയും പ്രതി ചേർത്ത് അന്വേഷണം ആരംഭിച്ചു. മുൻപും നിരവധി ചഉജട കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളവരാണ് പ്രതികൾ.

ഇൻസ്പെക്ടറെ കൂടാതെ പ്രിവന്റീവ് ഓഫീസർ ഉ. റെജിമോൻ, സിവിൽ എക്സൈസ് ഉദ്യോഗസ്ഥരായ ഉണ്ണിമോൻ മൈക്കിൾ, രജനീഷ്, റോബിമോൻ, വനിതാ സിവിൽ എക്സൈസ് ഉദ്യോഗസ്ഥ അഞ്ചു, ഡ്രൈവർ വിനോദ് എന്നിവർ പങ്കെടുത്തു.മാവേലിക്കര എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ പി അനിൽകുമാറും പാർട്ടിയും നൂറനാട് കഠആജ ക്യാമ്ബിന് സമീപത്തുള്ള പെട്രോൾ പമ്പിന് മുൻവശം വച്ച് 1.707 ഗ്രാം ങഉങഅയുമായി ഒരാളെ അറസ്റ്റ് ചെയ്തു. പാലമേൽ സ്വദേശി ആദർശ് എന്നയാളെയാണ് പിടികൂടിയത്. സിവിൽ എക്സൈസ് ഓഫീസർമാരായ ശ്രീജിത്ത് , രതീഷ് എൻ വി, മുഹമ്മദ് മുസ്തഫ ടി, ജിയേഷ് ടി, പ്രിവന്റീവ് ഓഫീസർ ആർ സന്തോഷ് കുമാർ എന്നിവർ ഉണ്ടായിരുന്നു.

# അശ്ലീലചിത്രത്തിൽ അഭിനയിപ്പിച്ച സംഭവം;സംവിധായിക തട്ടിപ്പിന്റെ ആൾരൂപം,മന്ത്രി ഇടപെട്ടെന്നും ആരോപണം

കൊച്ചി: യുവാവിനെ കബളിപ്പിച്ച് അശ്ലീലചിത്രത്തിൽ അഭിനയിപ്പിച്ച സംഭവത്തിൽ ഉന്നത ഇടപെടൽ എന്ന ആരോപണം ഉന്നയിച്ച് യുവാവ്. പോലീസിൽ പരാതി നൽകിയിട്ടും തന്നെ കബളിപ്പിച്ച സംവിധായക ലക്ഷ്മി ദീപ്തക്കെതിരേ പോലീസ് നടപടി സ്വീകരിച്ചിട്ടില്ലെന്നും അതിന് പിന്നിൽ ഒരു മന്ത്രിയുടെ ഇടപെടലാണ് കാരണമെന്നുമാണ് യുവാവിന്റെ ആരോപണം. ഷൂട്ടിങ് നടന്ന സ്ഥലത്തേക്ക് ഇവർ ചെറിയ പെൺകുട്ടികളേയും എത്തിച്ചിരുന്നുവെന്നും പെൺവാണിഭവും മയക്കുമരുന്ന് കച്ചവടവും ഷൂട്ടിങിന്റെ മറവിൽ നടക്കുന്നുണ്ടെന്നും യുവാവ് ആരോപിക്കുന്നു. അതേസമയം സംവിധായകയായ ലക്ഷ്മി ദീപ്തക്കെതിരേ ലക്ഷങ്ങൾ തട്ടിപ്പ് നടത്തിയെന്നതടക്കം എട്ടോളം പരാതികളാണ് വിവിധ പോലീസ് സ്റ്റേഷനുകളിലായി ഉള്ളത്. യുവാവിനെ കബളിപ്പിച്ച് അശ്ലീലചിത്രത്തിൽ അഭിനയിപ്പിച്ച സംഭവത്തിൽ സംവിധായികയ്ക്ക് എല്ലാ പിന്തുണയും നൽകി സംസ്ഥാനത്തെ പ്രമുഖ മന്ത്രിയുണ്ടെന്നും അതുകൊണ്ടാണ് ലക്ഷ്മി ദീപ്തക്കെതിരേ നിയമനടപടി സ്വീകരിക്കാത്തതിന് കാരണമെന്നും യുവാവ് ആരോപിക്കുന്നു. കായംകുളത്ത് നിന്നും കരുനാഗപ്പള്ളിയിൽ നിന്നും പതിനാറ് വയസുള്ള രണ്ട് പെൺകുട്ടികളെ കൊണ്ടുവന്നിരുന്നു. ക്യാമറാമാന്റെ മുറിയിലായിരുന്നു അവർ താമസിച്ചിരുന്നത്. ഷൂട്ടിങ് നടക്കുന്ന സ്ഥലത്ത് ചെറിയ പെൺകുട്ടികളെയടക്കം എത്തിച്ചിരുന്നു. പലരും മയക്കുമരുന്ന് ഉപയോഗിക്കുന്നത് കണ്ടിട്ടുണ്ട്. ഷൂട്ടിങ്ങിന് വരുന്ന പലരേയും ലഹരിക്കടമയാക്കുകയാണ് ചെയ്യുന്നത്. എന്നെപ്പോലെ കബളിപ്പിക്കപ്പെട്ട നിരവധി പേരുണ്ട്. ഞാൻ പരാതികൊടുത്തതിന് പിന്നാലെ ഇവർക്കെതിരേ നിരവധി പേരാണ് പരാതിയുമായി എത്തുന്നത്. കഴിഞ്ഞ ദിവസം ഉച്ചക്ക് പരാതികൊടുത്തിട്ടും പോലീസ് ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ല. കൊച്ചി കാക്കനാട് കേന്ദ്രമായി പ്രവർത്തിക്കുന്ന സിനിമ പ്രമോഷൻ ആപ്പ് ആയ മോളിവുഡ് ഡയറിയുടെ ഡയറക്ടർ കൂടിയാണ് അശ്ലീല വീഡിയോ ചിത്രീകരിച്ച വീഡിയോയുടെ സംവിധായികയായ ലക്ഷ്മി ദീപ്ത. മോളിവുഡ് ഡയറി എന്ന സ്ഥാപനത്തിൽ ജോലി ചെയ്തിരുന്ന പെൺകുട്ടികൾ നേരത്തെ ഇവർക്കെതിരേ പരാതിയുമായി രംഗത്തെത്തിയിരുന്നു. ശമ്പളം കിട്ടാത്തതിനെതിരെ പരാതിപ്പെട്ട പെൺകുട്ടികളെ സാമൂഹിക മാധ്യമങ്ങൾ വഴി വ്യാജ ഫോട്ടോ പ്രചരിപ്പിച്ച് അപമാനിക്കാൻ ശ്രമിക്കുന്നതായി 2021 മേയ് മാസത്തിൽ മാതൃഭൂമി ഡോട്ട് കോം റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ സ്ഥാപനത്തിന്റെ മറവിൽ 50 ലക്ഷത്തോളം രൂപയും തട്ടിപ്പ് നടത്തിയതായി ആരോപണം ഉണ്ടായിരുന്നു. എന്നാൽ ഈ കേസിലടക്കം പോലീസ് കൃത്യമായി അന്വേഷണം നടത്തുകയോ ലക്ഷ്മി ദീപ്തക്കെതിരേ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. കോവിഡ് ലോക്ക് ഡൗൺ കാരണമാണ് ഇവരെ വിളിച്ച് വരുത്താത്തതെന്നും ലോക്ക്ഡൗൺ മാറിയാൽ ഇവർക്കെതിരേ നടപടി ഉണ്ടാകുമെന്നുമാണ് അന്ന് പോലീസ് പറഞ്ഞത്. എന്നാൽ ഇതുവരേയും ഈ കേസുമായി ബന്ധപ്പെട്ട് ലക്ഷ്മി ദീപ്തക്കെതിരേ യാതൊരു നടപടിയും ഉണ്ടായിട്ടില്ലെന്നാണ് ഇവർക്കെതിരേ അന്ന് പരാതി നൽകിയ ജീന സോജോ പറയുന്നത്.

എന്നെ സംരക്ഷിക്കാനോ എനിക്കൊപ്പം നിൽക്കാനോ ആരും ഇല്ല. ലക്ഷ്മിദീപ്തയും സംഘവും എന്നെ ഭീഷണിപ്പെടുത്തുന്നില്ല പകരം മാനസികമായി തളർത്തുകയാണ് ചെയ്യുന്നത്. കഴിഞ്ഞ ദിവസം രാത്രി തന്നെ തന്റെ പേര് വെളിപ്പെടുത്തുകയും വീഡിയോ സാമൂഹിക മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുകയും ചെയ്യുകയാണ്. എന്നെപ്പോലെ ഒരാളും ഇനിയും ചതിയിൽപ്പെടരുത്- യുവാവ് പറയുന്നു. ഇവർക്ക് പരമാവധി ശിക്ഷ വാങ്ങിക്കൊടുക്കണമെന്നും യുവാവ് പറയുന്നു.



# കൈക്കൂലി കേസ് , സി ജെ എൽസിയെ പിരിച്ചുവിട്ടേക്കും, അന്വേഷണ സമിതിയുടെ ശുപാർശ എം ജി സർവകലാശാല സിൻഡിക്കേറ്റ് അംഗീകരിച്ചു

കോട്ടയം : കൈക്കൂലി കേസിൽ സസ്പെൻഷനിൽ കഴിയുന്ന എം.ജി സർവകലാശാല പരീക്ഷാ ഭവനിലെ അസിസ്റ്റന്റ് സി.ജെ.


എൽസിയെ സർവീസിൽ നിന്ന് പിരിച്ചു വിട്ടേക്കും, ഇത് സംബന്ധിച്ച അന്വേഷണ സമിതിയുടെ ശുപാർശ സിൻഡിക്കേറ്റ് അംഗീകരിച്ചു. തുടർനടപടിക്ക് വി.സിയെ സിൻഡിക്കേറ്റ് ചുമതലപ്പെടുത്തി. എം.ജിയിലെ നാലംഗ സിൻഡിക്കേറ്റ് കമ്മിഷൻ, രജിസ്ട്രാർ, ജോയിന്റ് രജിസ്ട്രാർ എന്നിവരാണ് അന്വേഷണം നടത്തിയത്.എൽസി മുൻപും ഇത്തരം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് സമിതിയുടെ റിപ്പോർട്ടിൽ പറയുന്നു. മാർക്ക് ലിസ്റ്റുകളും പ്രൊവിഷണൽ സർട്ടിഫിക്കറ്റുകളും വേഗത്തിൽ കൈമാറുന്നതിനായി തിരുവല്ല സ്വദേശിയായ വിദ്യാർത്ഥിനിയിൽ നിന്ന് പലതവണയായി ഒരു ലക്ഷത്തിലധികം രൂപ കൈപ്പറ്റിയെന്നാണ് കേസ്. സർവകലാശാലയിൽ വച്ച് കൈക്കൂലി വാങ്ങുന്നതിനിടെ ജനുവരി 29നാണ് എൽസി.യെ വിജിലൻസ് അറസ്റ്റു ചെയ്തത്

BUSINESS NEWS



# എസ്1 എയർ അവതരിപ്പിച്ച് ഒല

തങ്ങളുടെ ഇലക്ട്രിക് സ്കൂട്ടർ ലൈനപ്പിലെ ഏറ്റവും പുതിയ മോഡൽ അവതരിപ്പിച്ച് ബാംഗ്ലൂർ ആസ്ഥാനമായുള്ള ഇലക്ട്രിക് വാഹന നിർമ്മാതാക്കളായ ഒല ഇലക്ട്രിക്.ഓല എസ്1 എയർ ഒക്ടോബർ 24-നകം റിസർവ് ചെയ്യുന്നവർക്ക് 79,999 രൂപയാണ് വില. ആ തീയതിക്ക് ശേഷമുള്ള വില 84,999 രൂപ ആയിരിക്കും. ഓലയുടെ എസ്1 ശ്രേണിയിൽ നിന്നുള്ള ഏറ്റവും താങ്ങാനാവുന്ന ഇലക്ട്രിക് സ്കൂട്ടറാണ് ഓല എസ്1 എയർ. സാധാരണ എസ്1 സ്കൂട്ടറിൽ നിന്ന് ചില ഫീച്ചറുകൾ ഒഴിവാക്കി പുതിയ സ്കൂട്ടറിനെ ഐെസിഇ എഞ്ചിനിൽ പ്രവർത്തിക്കുന്ന എതിരാളികളെ വിലയുടെ കാര്യത്തിലും നേരിടാനാണ് ഓലയുടെ തീരുമാനം.ഇക്കോ മോഡിൽ ഓടിക്കുമ്ബോൾ ഒറ്റ ചാർജിൽ 101 കിലോമീറ്റർ റേഞ്ച് നൽകാൻ പുതിയ ഇലക്ട്രിക് സ്കൂട്ടറിനെ സഹായിക്കുന്ന 2.5സണവ ബാറ്ററി പാക്കാണ് ഓല എസ്1 എയറിന് കരുത്ത് പകരുന്നത്. ചെറിയ ബാറ്ററി പായ്ക്ക് ഓല എസ്1 എയറിന് പരന്ന ഫുട്ബോർഡ് ഫീച്ചർ ചെയ്യുന്നു. ഇത് ഇലക്ട്രിക് സ്കൂട്ടറിന്റെ ഭാരം വെറും 99 കിലോഗ്രാമിലേക്ക് കൊണ്ടുവരാൻ സഹായിക്കുന്നു. 500W പോർട്ടബിൾ ചാർജർ ഉപയോഗിച്ച് ബാറ്ററി പായ്ക്ക് ചാർജ് ചെയ്യാൻ 4 മണിക്കൂർ എടുക്കും.ഓല എസ്1 എയറിന്റെ ബാറ്ററി പായ്ക്ക് 4.5kW അല്ലെങ്കിൽ 6.03bhp പരമാവധി ഉൽപ്പാദനം നൽകുന്ന ഒരു ഹബ്-മൗണ്ടഡ് ഇലക്ട്രിക് മോട്ടോർ നൽകുന്നു. എസ്1 എയർ 4.3 സെക്കൻഡിനുള്ളിൽ പൂജ്യത്തിൽ നിന്ന് 40 കിലോമീറ്റർ വേഗത കൈവരിക്കുമെന്ന് ഓല അവകാശപ്പെടുന്നു. ഇത് എസ്1നേക്കാൾ പകുതി സെക്കൻഡും എസ്1 പ്രോയേക്കാൾ 1.4 സെക്കൻഡും കുറവാണ്. പൂജ്യത്തിൽ നിന്ന് 60 കിലോമീറ്റർ വേഗതയിൽ എത്താൻ 9.8 സെക്കൻഡ് എടുക്കും. എസ്1 എയറിന്റെ ഉയർന്ന വേഗത മണിക്കൂറിൽ 90 കിലോമീറ്റർ ആണ്. എസ്1 ശ്രേണിയിലെ മറ്റ് മോഡലുകളിൽ നിന്ന് വ്യത്യസ്തമാക്കാൻ സഹായിക്കുന്ന മറ്റ് ചില മാറ്റങ്ങളും ഓല എസ്1 എയറിൽ അവതരിപ്പിക്കുന്നു. ഡ്യുവൽ-ടോൺ എക്സ്റ്റീരിയർ തീം ആണ് ഏറ്റവും ശ്രദ്ധേയമായ മാറ്റം.പുതിയ ഓല എസ്1 എയറിന്റെ സസ്പെൻഷൻ സജ്ജീകരണത്തിൽ മറ്റ് മാറ്റങ്ങൾ വരുന്നു. ഇപ്പോൾ മുൻവശത്ത് പരമ്പരാഗത ടെലിസ്കോപ്പിക് ഫോർക്കുകളും പിന്നിൽ ഡ്യുവൽ ഷോക്കുകളും ഉൾക്കൊള്ളുന്നു. ഡിസ്ക് ബ്രേക്ക് സജ്ജീകരണത്തിന് പകരം ഡ്രം ബ്രേക്കുകൾ മുന്നിലും പിന്നിലും നൽകിയിട്ടുണ്ട്.എസ്1, എസ്1 പ്രോ എന്നിവ പോലെ പുതിയ എസ്1 എയറും വെക്കേഷൻ മോഡ്, ഒന്നിലധികം പ്രൊഫൈലുകൾ, കോളിംഗ്, നാവിഗേഷൻ, പുതുതായി പ്രഖ്യാപിച്ച പാർട്ടി മോഡ് തുടങ്ങിയ സവിശേഷതകൾ കൊണ്ടുവരുന്ന മൂവ് ഒഎസ് 3.0 ബിൽറ്റ്-ഇൻ ഉള്ള 7 ഇഞ്ച് ടച്ച്സ്ക്രീൻ ഡിസ്പ്ലേയുമായി വരുന്നു. നിയോ മിന്റ്, കോറൽ ഗ്ലാം, ലിക്വിഡ് സിൽവർ, ജെറ്റ് ബ്ലാക്ക്, പോർസലൈൻ വൈറ്റ് എന്നീ അഞ്ച് ഡ്യുവൽ-ടോൺ ഷേഡുകളിൽ എസ്1 എയർ ലഭ്യമാകും.എസ്1 എയറിനുള്ള റിസർവേഷൻ വിൻഡോ ഓല ഇന്ന് തുറന്നിട്ടുണ്ട്. ഫെബ്രുവരിയിൽ എസ്1 എയറിന്റെ പർച്ചേസ് വിൻഡോ തുറക്കും. എസ്1 എയറിന്റെ ഡെലിവറി 2022 ഏപ്രിലിലാണ് ആരംഭിക്കുക.ഓല ഇലക്ട്രിക് എസ്1 എയറിലൂടെ കൂടുതൽ ഉപയോക്താക്കളിലേക്കെത്താനാണ് ലക്ഷ്യമിടുന്നത്. താങ്ങാവുന്ന വിലയിൽ മികച്ച ഫീച്ചറുകളോടെ ലഭ്യമാകുന്ന ഈ ഉൽപ്പന്നം വിപണിയിൽ ഓളം സൃഷ്ടിക്കുമെന്നാണ് അവർ പ്രതീക്ഷിക്കുന്നത്. കൂടുതൽ സുഗമമായ യാത്രാനുഭവത്തിനായി മുൻ മോഡലുകളിലെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.




# ആഭ്യന്തര ഓഹരി വിപണി നീണ്ട മൂന്ന് ദിവസത്തെ അവധിയിലേക്ക് പ്രവേശിച്ചു

**മുംബൈ:** ആഭ്യന്തര ഓഹരി വിപണി നീണ്ട മൂന്ന് ദിവസത്തെ അവധിയിലേക്ക് പ്രവേശിച്ചു. ദുർബലമായ ആഗോള സൂചനകൾക്കിടയിൽ കഴിഞ്ഞ ദിവസങ്ങളിൽ വിപണിയിൽ ചാഞ്ചാട്ടം പ്രകടമായിരുന്നു.ശനി, ഞായർ, തിങ്കൾ തുടങ്ങിയ മൂന്ന് ദിനങ്ങളിൽ ഓഹരി വിപണി അവധിയായിരിക്കും. വരുന്ന ബുധനാഴ്ചയും വിപണി അടച്ചിടും.ദീപാവലി, ദീപാവലി ബലിപ്രതിപ്രദാ, ലക്ഷ്മി പൂജ തുടങ്ങിയ ആഘോഷങ്ങളോട് അനുബന്ധിച്ചാണ് വിപണി അടച്ചിടുന്നത്. ശനി, ഞായർ ഈ ആഴ്ചയിലെ അവധി ദിനങ്ങൾ ആണെങ്കിൽ ഒക്ടോബർ 24 ന് ദീപാവലിയുടെ അവധിയാണ്. ലക്ഷ്മീപൂജ ദിനത്തിൽ വിപണി അടച്ചിടും. ഒക്ടോബർ 26 ദീപാവലി ബലി പ്രതിപ്രദാ ആഘോഷത്തിന്റെ അവധിയുമാണ്. അതേസമയം നിക്ഷേപകർ/ വ്യാപാരികൾ അറിഞ്ഞിരിക്കേണ്ട പ്രധാന കാര്യം ദീപാവലി ദിനത്തിൽ ഒരു മണിക്കൂർ മുഹൂർത് വ്യാപാരത്തിനായി ഒരു മണിക്കൂർ വിപണി തുറക്കുമെന്നും അറിയിച്ചിട്ടുണ്ട് .

# ആനന്ദ് രാഠി വെൽത്തിന് 43 കോടി രൂപ അറ്റാദായം

**കൊച്ചി:** ബാങ്കിതര ധനകാര്യ സ്ഥാപനമായ ആനന്ദ് രാഠി വെൽത്ത് ലിമിറ്റഡ് നടപ്പു സാമ്ബത്തിക വർഷം ജൂലൈ-സെപതംബർ ത്രൈമാസത്തിൽ 43 കോടി രൂപ അറ്റാദായം നേടി.41 ശതമാനം വാർഷിക വളർച്ചയോടെയാണ് ഈ നേട്ടം. ഇക്കാലയളവിലെ മൊത്തം വരുമാനം 33 ശതമാനം വർധിച്ച് 138 കോടി രൂപിലെത്തി. 2022-23 സാമ്ബത്തിക വർഷം ആദ്യ പകുതിയിൽ കമ്ബനിയുടെ സംയോജിത അറ്റാദായം 83 കോടി രൂപയാണ്. 37 ശതമാനമാണ് വാർഷിക വളർച്ച. ഇതേകാലയളവിൽ മൊത്തം വരുമാനവും 34 ശതമാനം വർധിച്ച് 272 കോടി രൂപയിലെത്തി.ബാഹ്യമായ വെല്ലുവിളികൾക്കിടയിലും മികച്ചപ്രകടനം കാഴ്ചവെക്കാൻ സാധിച്ചെന്നു ആനന്ദ് രാഠി വെൽത്ത് ലിമിറ്റഡ് സിഇഒ രാകേഷ് റാവൽ പറഞ്ഞു. ഒരു വർഷത്തിനുള്ളിൽ 1,250 പുതിയ ഇടപാടുകാരെ കൂട്ടിച്ചേർക്കാൻ കഴിഞ്ഞതായും മികച്ച ബിസിനസ് വളർച്ച ഉണ്ടാകുമെന്ന ശുഭാപ്തിവിശ്വാസത്തിലാണെന്നും അദ്ദേഹം പറഞ്ഞു.



# സംസ്ഥാന സബ്ജൂനിയർ സോഫ്റ്റ് ബോൾ ചാമ്പ്യൻഷിപ്പിന് തുടക്കമായി



**ആലക്കോട് ( കണ്ണൂർ);** 27 മത് കേരള സംസ്ഥാന സബ്ജൂനിയർ സോഫ്റ്റ്ബോൾ ചാമ്പ്യൻഷിപ്പിന് കണ്ണൂർ ആലക്കോട് തുടക്കമായി. ആലക്കോട് മേരിമാതാ ആർട്സ് ആന്റ് സയൻസ് കോളേജ് ഗ്രൗണ്ടിലും, എൻ.എസ്.എസ് എച്ച് എസ് എസ് ഗ്രൗണ്ടിലുമായി നടക്കുന്ന മത്സരങ്ങൾ രാജ്യസഭാ എംപ l പി. സന്തോഷ് കുമാർ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് ജോജി കന്നിക്കാട് അധ്യക്ഷത വഹിച്ച ചടങ്ങിൽ കണ്ണൂർ ജില്ല സോഫ്റ്റ്ബോൾ അസോസിയേഷൻ പ്രസിഡന്റ് കെ ഭാസ്കരൻ മാസ്റ്റർ സ്വാഗതം ആശംസിച്ചു. സോഫ്റ്റ് ബോൾ അസോസിയേഷൻ സംസ്ഥാന സെക്രട്ടറി അനിൽ എ ജോൺസൺ മുഖ്യാതിഥിയായി പങ്കെടുത്ത ചടങ്ങിൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ആയിഷ. പി.സി, അംഗങ്ങളായ ഖലീൽ റഹ്മാൻ , നിഷാ മോൾ പി. ആർ, കക്ഷിരാഷ്ട്രീയ പാർട്ടി പ്രതിനിധികളായ കെ.പി സാബു മാസ്റ്റർ, ബാബു പള്ളിപ്പുറം, സി.ജി ഗോപൻ, വി.ജി സോമൻ, ഡെന്നീസ് വാഴപ്പള്ളി, എൻഎസ്എസ് കരയോഗം പ്രസിഡന്റ് ലാലു കുന്നപ്പള്ളി, വ്യാപാരി വ്യവസായി പ്രതിനിധി കെ.എസ് പത്മകുമാർ, മേരി മാതാ കോളേജ് അഡ്മിനിസ്ട്രേറ്റർ ഡൊമനിക് കെ.സി സോഫ്റ്റ്ബോൾ അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് പി. മാത്യു. ജില്ല സെക്രട്ടറി വി.കെ സുധീർ കുമാർ തുടങ്ങിയവർ പങ്കെടുത്തു.ചടങ്ങിൽ ഗുജറാത്തിൽ വെച്ച് നടന്ന ദേശീയ ഗെയിംസിൽ വെള്ളി മെഡൽ നേടിയ കേരള വനിതാ ടീം അംഗങ്ങളെ എം.പി ആദരിച്ചു.ആദ്യ ദിനം നടന്ന പ്രാഥമിക മത്സരത്തിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ ആലപ്പുഴ കാസർഗോഡിനെയും ( 12 7) , മലപ്പുറം തിരുവനന്തപുരത്തിനെ ( 13 3), കണ്ണൂർ കോഴിക്കോടിനെ ( 97) നും, തൃശ്ശൂർ പത്തനംതിട്ടയെ ( 90) ത്തിനനും പരാജയപ്പെടുത്തി. ആൺകുട്ടികളുടെ വിഭാഗത്തിൽ തൃശ്ശൂർ (9 2) ന് വയനാടിനേയും, ഇടുക്കി പത്തനംതിട്ടയെ (169)നും, മലപ്പുറം കോട്ടയത്തെയും (83)ന് , എറണാകുളം പാലക്കാടിനെ ( 70) ത്തിനും, കണ്ണൂർ കൊല്ലത്തിനെ ( 92), എറണാകുളം ഇടുക്കിയെ ( 90)ത്തിനും, തിരുവനന്തപുരം കോഴിക്കോടിനെ (12 1)നും, കണ്ണൂർ കാസർഗോഡിനെ (136 )നും പരാജയപ്പെടുത്തി. കോട്ടർ ഫൈനൽ മത്സരങ്ങൾ നാളെയും ( ഞായർ), സെമി ഫൈനൽ , ഫൈനൽ മത്സരങ്ങൾ തിങ്കളാഴ്ചയും നടക്കും.



# അയർലൻഡും സിംബാബ്‌വെയും സൂപ്പർ 12ൽ

ഹൊബാർട്ട് ട്വന്റി 20 ക്രിക്കറ്റിലെ ഏറ്റവും കരുത്തുറ്റ നിര തകർന്നു. രണ്ടുതവണ ലോക ചാമ്പ്യൻമാരായ വെസ്റ്റിൻഡീസ് ട്വന്റി 20 ലോക കപ്പിന്റെ ആദ്യ റൗണ്ടിൽ പുറത്ത്. വിൻഡീസിനെ അട്ടിമറിച്ച അയർലൻഡ് സൂപ്പർ 12ലേക്ക് മുന്നേറി. സ്കോട്ട്ലൻഡിനെ തോൽപ്പിച്ച സിംബാബ്‌വെയും കടന്നു. നിർണായക മത്സരത്തിൽ അയർലൻഡിനോട് ഒമ്പത് വിക്കറ്റിനാണ് തോറ്റത്. ആദ്യം ബാറ്റ് ചെയ്ത് 5–146 റണ്ണെടുക്കാനേ അവർക്ക് കഴിഞ്ഞുള്ളൂ. മറുപടിക്കെത്തിയ അയർലൻഡ് ഒരു വിക്കറ്റുമാത്രം നഷ്ടപ്പെടുത്തി 15 പന്ത് ശേഷിക്കെ ജയം നേടി. 2012, 2016 ലോകകപ്പുകളിലെ ജേതാക്കളായ വിൻഡീസ് യോഗ്യതാ റൗണ്ട് കളിക്കേണ്ടിവന്നതുതന്നെ അവരുടെ തകർച്ചയുടെ ആഴം വ്യക്തമാക്കുന്നതായിരുന്നു. ആദ്യമത്സരത്തിൽ സ്കോട്ട്ലൻഡിനുമുന്നിൽ അടിയറവ് പറഞ്ഞു. സിംബാബ്‌വെയോട് ജയിച്ചെങ്കിലും മുന്നോട്ടുള്ള യാത്ര എളുപ്പമായില്ല. അയർലൻഡിനോട് ബാറ്റിങ് നിര മങ്ങി. 48 പന്തിൽ 62 റണ്ണുമായി പുറത്താകാതെനിന്ന ബ്രണ്ടൻ കിങ് മാത്രം പൊരുതി. ക്യാപ്റ്റൻ നിക്കോളാസ് പുരാൻ 13 റണ്ണെടുത്ത് പുറത്തായി. നാല് ഓവറിൽ 13 റൺമാത്രം വഴങ്ങി മൂന്ന് വിക്കറ്റെടുത്ത ഗാരെത് ഡെലാനിയാണ് വിൻഡീസ് ബാറ്റർമാരെ കുരുക്കിയത്. അയർലൻഡിന് കാര്യങ്ങൾ എളുപ്പമായിരുന്നു. 48 പന്തിൽ 66 റണ്ണുമായി പുറത്താകാതെനിന്ന പോൾ സ്റ്റിർലിങ്ങാണ് ജയമൊരുക്കിയത്. ആൻഡി ബാൽബേണി (23 പന്തിൽ 37), ലോർകാൻ ടക്കർ (35 പന്തിൽ 45) എന്നിവരും തിളങ്ങി. ട്വന്റി 20യിൽ വമ്പൻ താരങ്ങളുണ്ടായിരുന്ന വിൻഡീസിന് സമീപകാലത്ത് തിരിച്ചടികളാണ്. ആന്ദ്രേ റസലിന്റെയും ഷിംറോൺ ഹെറ്റ്മെയറിന്റെയും അഭാവം അവരെ കൂടുതൽ തളർത്തി. വിൻഡീസിനെ തോൽപ്പിച്ച് തുടങ്ങിയ സ്കോട്ട്ലൻഡിന് സിംബാബ്‌വെയ്ക്കെതിരെ പിടിച്ചുനിൽക്കാനായില്ല. അഞ്ച് വിക്കറ്റിന് സിംബാബ്‌വെ ജയിച്ചു. സ്കോട്ട്ലൻഡ് ആറിന് 132 റണ്ണെടുത്തു. സിംബാബ്‌വെ 18.3 ഓവറിൽ ജയംനേടി. ക്യാപ്റ്റൻ ക്രെയ്ഗ് എർവിൻ (54 പന്തിൽ 58), സിക്കന്ദർ റാസ (23 പന്തിൽ 40) എന്നിവർ സിംബാബ്‌വെ നിരയിൽ മിന്നി. അയർലൻഡ് സൂപ്പർ 12 ഗ്രൂപ്പ് ഒന്നിലും സിംബാബ്‌വെ ഗ്രൂപ്പ് രണ്ടിലും ഇടംപിടിച്ചു.

# ലോക പഞ്ചഗുസ്തി ചാമ്പ്യൻഷിപ്പിൽ വനിതാ എഎസ്ഐക്ക് ഇരട്ട സ്വർണം

**കോഴിക്കോട്:** ലോക പഞ്ചഗുസ്തി ചാമ്പ്യൻഷിപ്പിൽ 20 വർഷത്തെ ഇടവേളയ്ക്ക് ശേഷം ഇന്ത്യ മെഡൽ സ്വാന്തമാക്കി .തുർക്കിയിൽ വച്ച് നടക്കുന്ന ലോക ആം റസ്‌ലിങ് ചാംപ്യൻഷിപ്പിലാണ് 70 കിലോഗ്രാം ഇടംകൈ, വലംകൈ വിഭാഗങ്ങളിൽ വനിതാ എഎസ്ഐ ഇരട്ട സ്വർണ്ണ മെഡൽ നേടിയത്.കോഴിക്കോട് സിറ്റി ജുവനൈൽ വിഭാഗം എഎസ്ഐ കെ മിനിയ്ക്കാണ് ഇരട്ട സ്വർണം. ഇന്ത്യൻ വനിതാ ടീമിൻറെ ക്യാപ്റ്റൻ കൂടിയാണ് മിനി.





EDITORS CHOICE





# 'മോൾ'ടെ ദിനം ആഘോഷിക്കാനുള്ള ദിവസം

കലണ്ടറിലെ മോളുടെ ദിനം ഓർമ്മിപ്പിക്കുക ആറ്റങ്ങൾ, തന്മാത്രകൾ, മറ്റ് തരത്തിലുള്ള കണികകൾ എന്നിങ്ങനെയുള്ള വളരെ ചെറിയ കാര്യങ്ങൾ അളക്കുന്നതിനുള്ള ഒരു സാധാരണ ശാസ്ത്ര യൂണിറ്റാണ് രസതന്ത്രത്തിലെ ഒരു 'മോൾ'. 'ഒരു തന്മാത്രയ്ക്ക്, ഒരു മോൾ ഒരു പിണ്ഡമാണ് (ഗ്രാമിൽ) അതിന്റെ സംഖ്യ തന്മാത്രയുടെ മോളാർ പിണ്ഡത്തിന് തുല്യമാണ്' വിശദമാക്കുന്നു മോൾ ഡേ അതിന്റെ വെബ്സൈറ്റിൽ. "ഉദാഹരണത്തിന്, ജല തന്മാത്രയ്ക്ക് 18 മോളാർ പിണ്ഡമുണ്ട്, അതിനാൽ ഒരു മോളിലെ വെള്ളത്തിന്റെ ഭാരം 18 ഗ്രാം ആണ്. അതുപോലെ, നിയോണിന്റെ ഒരു മോളിന് 20 ഗ്രാം മോളാർ പിണ്ഡമുണ്ട്. 1811-ൽ ഇറ്റാലിയൻ ശാസ്ത്രജ്ഞനായ അമേഡിയോ അവോഗാഡ്രോ ഈ ആശയം കണ്ടെത്തി. അവഗാഡ്രോ നിയമം എന്നറിയപ്പെടുന്നു, താപനിലയുടെയും മർദ്ദത്തിന്റെയും ഒരേ അവസ്ഥയിൽ തുല്യ അളവിലുള്ള വാതകങ്ങൾക്ക് തുല്യ തന്മാത്രകൾ ഉണ്ടായിരിക്കുമെന്ന് നിയമം പറയുന്നു."ഉദാഹരണത്തിന്, ജല തന്മാത്രയ്ക്ക് 18 മോളാർ പിണ്ഡമുണ്ട്, അതിനാൽ ഒരു മോളിലെ വെള്ളത്തിന്റെ ഭാരം 18 ഗ്രാം ആണ്. അതുപോലെ, നിയോണിന്റെ ഒരു മോളിന്റെ മോളാർ പിണ്ഡം 20 ഗ്രാം ആണ്," മോൾ ഡേ വിശദീകരിക്കുന്നു. 'പൊതുവേ, ഏതെങ്കിലും പദാർത്ഥത്തിന്റെ ഒരു മോളിൽ അവഗാഡ്രോയുടെ തന്മാത്രകളുടെയോ ആ പദാർത്ഥത്തിന്റെ ആറ്റങ്ങളുടെയോ എണ്ണം അടങ്ങിയിരിക്കുന്നു.'ഇപ്പോൾ രസതന്ത്രത്തിന്റെ അടിസ്ഥാന സ്ഥിരാങ്കങ്ങളിലൊന്നായ അവോഗാഡ്രോയുടെ സംഖ്യ, തന്മാത്രകളിലെയും അവയുടെ ഇടപെടലുകളും സംയോജനവും ശാസ്ത്രജ്ഞർ എങ്ങനെ മനസ്സിലാക്കുന്നു എന്നതാണ്. 'അവഗാഡ്രോയുടെ നമ്പർ ഒരു പാലം പോലെയാണ്' വയർഡ് മാഗസിനിൽ റെറ്റ് അല്ലെൻ വിശദീകരിക്കുന്നു. "ഇത് രസതന്ത്രത്തെയും ആറ്റോമിക് ഫിസിക്സിനെയും ബന്ധിപ്പിക്കുന്നു. രസതന്ത്രത്തിൽ നമ്മൾ കാര്യങ്ങളെ അളക്കുന്നത് അവയുടെ ബൾക്ക് പ്രോപ്പർട്ടികൾ അടിസ്ഥാനമാക്കിയാണ്. പിണ്ഡം (ആകെ പിണ്ഡം), മർദ്ദം, വോളിയം, താപനില തുടങ്ങിയ കാര്യങ്ങൾ. എന്നിരുന്നാലും, ഈ കാര്യങ്ങൾ ഒരു ആറ്റോമിക് വീക്ഷണകോണിൽ നിന്ന് പരിഗണിക്കുമ്പോൾ, ഞങ്ങൾ വ്യക്തിഗത ആറ്റങ്ങളെയും ഈ കണങ്ങളുടെ ആക്കം, പ്രവേഗത്തെയും നോക്കുന്നു. അവഗാഡ്രോയുടെ നമ്പർ ഈ രണ്ട് ആശയങ്ങളെയും ബന്ധിപ്പിക്കുകയും മാക്രോസ്കോപ്പിക് ലെവൽ അളവുകൾ അളക്കുന്നതിലൂടെ ആറ്റോമിക്-ലെവൽ കാര്യങ്ങൾ പര്യവേക്ഷണം ചെയ്യാൻ ഞങ്ങളെ അനുവദിക്കുകയും ചെയ്യുന്നു. അതൊരു വലിയ കാര്യമാണ്.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com